SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം
YESUVINTE JEEVAVACHANAM

Date of Publications : 25.03.2025
RNI Reg. No. KERMAL/2012/42077

PRICE:25/- VOL.NO:12 ISSUE NO:23 MARCH 2025 ANNUAL SUBSCRIPTION Rs. 100/-


## സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫറൻസ്

**ഒക്കലഹോമ:** സൗത്ത് വെസ്റ്റ് ബ്രദറൺ ഫാമിലി കോൺഫറൻസ് ഒക്കലഹോമയിൽ വച്ച് 2025 ജൂൺ 6 മുതൽ 8 വരെ നടത്തപ്പെടും. ഈ കോൺഫറൻസിന്റെ വിജയകരമായ നടത്തിപ്പിനായി എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. സഭകളുടെ കൂടിവരവുകളിലും കുടുംബ പ്രാർത്ഥനകളിലും ഈ ശുശ്രൂഷയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കേണം.

എഫെസ്യർ 3:20, 21 വാക്യങ്ങൾ അധികരിച്ച് സാധ്യതകളുടെ ദൈവം എന്ന വിഷയമാണ് ഈ കോൺഫറൻസിന്റെ തീം. സഹോദരന്മാരായ ജോസ് മാത്യൂസ്, നേറ്റ് ബ്രാംസെൻ, തോമസ് രാജൻ എന്നിവർ മുഖ്യ സന്ദേശങ്ങൾ നൽകും. ഇവരെ കൂടാതെ സന്ദർശകരായി നാട്ടിൽ നിന്നെത്തുന്ന ശുശ്രൂഷകന്മാരും ചുമതലപ്പെട്ട സഹോദരന്മാരും വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കും.

യുവാക്കൾക്കും കുട്ടികൾക്കും, സഹോദരിമാർക്കും പ്രത്യേക ആത്മീക സമ്മേളനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. വേദപുസ്തകം വെളിപ്പെടുത്തുന്ന നമ്മുടെ ദൈവം അനന്തമായ സാധ്യതകളുടെ ദൈവമാണെന്ന് ഈ കോൺഫറൻസിലൂടെ വീണ്ടും ബോധ്യപ്പെടുന്ന അനർഘ നിമിഷങ്ങളായി മാറ്റുവാൻ നമുക്ക് പ്രാർത്ഥിക്കാം.

സഹോദരന്മാരായ ജയേഷ് കുര്യാക്കോസ്, ഐസക്ക് സാമുവൽ, ഫിലിപ്പ് വടക്കൻ, ജെഫി ജേക്കബ് എന്നിവർ മുഖ്യ ചുമതലക്കാരായി ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. കോൺഫറൻസിൽ സംബന്ധിക്കുവാനും പേര് രജിസ്റ്റർ ചെയ്യുവാനും എത്രയും വേഗം സഹോദരീ സഹോദരന്മാർ ഇതോടൊപ്പം ചേർത്തിരിക്കുന്ന വെബ് അഡ്രസ്സിലൂടെ ബന്ധപ്പെടുക.
https://www.southwestbrethren.org




## 71-ാമത് വുമൻസ് ബൈബിൾ ക്യാമ്പ് കുമ്പനാട്

**കുമ്പനാട്:** 2025 ലെ വുമൻസ് ബൈബിൾ ക്യാമ്പ് ദൈവഹിതമായാൽ കുമ്പനാട് ബ്രദറൺ സഭാ ഹാളിൽ വെച്ച് നടത്തപ്പെടുന്നു. ഏപ്രിൽ 7 തിങ്കൾ മുതൽ 12 ശനി വരെയാണ് ബൈബിൾ ക്ലാസുകൾ നടത്തപ്പെടുന്നത്. സുവി. റജി കെ. തോമസ് നെല്യാടി ബൈബിൾ ക്ലാസ്സുകൾ നയിക്കും. 'കർത്താവിന്റെ സന്നിധിയിൽ താഴുവീൻ എന്നാൽ അവൻ നിങ്ങളെ ഉയർത്തും' എന്നതാണ് ക്യാമ്പിന്റെ തീം. ഏപ്രിൽ 7 ന് ഉച്ചക്ക് 2.30 മുതൽ 3.30 വരെയും, ചൊവ്വാ മുതൽ വെള്ളി വരെ എല്ലാ ദിവസവും രാവിലെ 10.00 മണി മുതൽ 11.00 മണി വരെയും, ഉച്ചക്ക് 2.30 മുതൽ 3.30 വരെയാണ് ക്ലാസ്സുകൾ നടത്തപ്പെടുന്നത്. സദൃശവാക്യങ്ങൾ 8:1-36 എന്നതാണ് വചനധ്യാനം. ഏപ്രിൽ 7 തിങ്കൾ രാവിലെ 11.00 മണി മുതൽ 1.00 മണി വരെ സുവി. വി. മാത്യു ഉദ്ഘാടന സമ്മേളനം നടത്തപ്പെടും. സുവി. വി. മാത്യു (കുമ്പനാട്) അദ്ധ്യക്ഷൻ വഹിക്കുകയും സുവി. മോൻസൻ ഐസക് (തൃശ്ശൂർ) പ്രസംഗം നിർവ്വഹിക്കുകയും ചെയ്യും. ദൈവഷ്ടമായാൽ കുമ്പനാട് സെന്റർ സോദരീ സമാജത്തിന്റെ ആഭിമുഖ്യത്തിൽ യുവസഹോദരിമാരുടെ ആത്മീകാഭിവൃദ്ധി, വേദപരിജ്ഞാനം, ജീവിത വിശുദ്ധി, സുവിശേഷീകരണത്തിലും ഇതര ശുശ്രൂഷകളിലും സഹോദരിമാരുടെ പങ്ക് മുതലായ ലക്ഷ്യങ്ങൾ മുൻനിർത്തി 7 തിങ്കൾ മുതൽ 12 ശനി വരെയും രാവിലെ 11 മണി മുതൽ ഉച്ചക്ക് 12 മണി വരെ 71-ാമത് വുമൻസ് ബൈബിൾ ക്യാമ്പിലേക്ക് 12 വയസിനുമേൽ പ്രായമുള്ള യുവസഹോദരിമാരെ പ്രോത്സാഹിപ്പിച്ച് അയക്കണമെന്ന് താല്പര്യപ്പെടുന്നു. ..... (തുടർച്ച പേജ് 6)

## ട്രിവാൻഡ്രം ബ്രദറൺ ബൈബിൾ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

**തിരുവനന്തപുരം:** ട്രിവാൻഡ്രം ബ്രദറൺ ബൈബിൾ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഗ്രാജ്യുവേഷൻ ചടങ്ങിൽ ബ്രദർ ബിനു സാമുവൽ (പി.എച്ച്.ഡി.) 2025 മാർച്ച് 29 ശനിയാഴ്ച വൈകിട്ട് 4 മണിക്ക് പുല്ലാന്നിവിള ബ്രദറൺ അസംബ്ലി വെച്ച് നടത്തപ്പെടും. കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

**Contact:** +91 88487 25040, +91 77982613420, +91 8281914980, +91 9995133810.

## വൈ. എം. ഇ. എഫ് സൗത്ത് ഡിവിഷൻ ട്രസ്റ്റ്

**കോന്നി:** ദൈവഹിതമായാൽ വൈ. എം. ഇ. എഫ് സൗത്ത് ഡിവിഷന്റെ ചുമതലയിലും കോന്നി-എലിയറയ്ക്കൽ എബനേസർ ബ്രദറൺ അസംബ്ലിയുടെയും, വൈ. എം. ഇ. എഫ് പത്തനംതിട്ട സെന്ററിന്റെയും സഹകരണത്തിൽ 2025 മാർച്ച് 23 ഞായർ ഉച്ചകഴിഞ്ഞ് 3.30 മുതൽ കോന്നി-എലിയറയ്ക്കൽ എബനേസർ ബ്രദറൺ അസംബ്ലി ഹാളിൽ വച്ച് പ്രാർത്ഥനാ സമ്മേളനം കർത്താവിലാശ്രയിച്ച് നടത്തപ്പെട്ടു. ബ്രദർ ജെയിംസ് തോമസ്(റാന്നി) വചനശുശ്രൂഷ നിർവ്വഹിച്ചു.

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

ഡോ. സി.വി. വടവന
(ചീഫ് എഡിറ്റർ)
ഇ.എസ്. റെജി
(സബ് എഡിറ്റർ)
ഐസക്ക് സി. വടവന
(മാനേജിംഗ് എഡിറ്റേഴ്സ്)
ജസ്റ്റിൻ സി. വടവന
(സർക്കുലേഷൻ മാനേജർ)

പത്രാധിപ സമിതി

എ.വി. ജോൺ
ജിജോ അങ്കമാലി
ഡോ. സണ്ണി എഴുമറ്റൂർ
എൽസി ബേബി

ജീവവചനം

ഏറ്റവും പ്രചാരമുള്ള
ബ്രദറൺ വാർത്താ മാസിക
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ
1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

വിലാസം

ജീവവചനം
സത്യം മിനിസ്ട്രീസ്
തോട്ടഭാഗം പി.ഒ.
തിരുവല്ല - 689541
ഫോൺ: 9447126182

USA
Sathyam Ministries Intl.
15918 Hollister St.
Houston, TX 77066
Phone: 346 660 1353,
951 751 6860
Email:
diretor@sathyamministry.org

AUSTRALIA
Sathyam Publications
2 Reginald Ave
Arana Hills
4054 Australia
Phone : +61 424877742
Email:
admin@sathyamministry.org

UAE
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed Rd, Al Zahia,
Sharjah, U.A.E.
PHONE: 971 5047 650 10

# തലക്കുറി

## ഫണ്ടുകളുടെ ധാർഷ്ട്യം

**ബ്രദർ സി.വി. വടവന**



നമ്മുടെയിടയിൽ സുവിശേഷപ്രവർത്തകരെ സഹായിക്കുവാൻ രൂപംകൊണ്ട 7-ലധികം ഫണ്ടുകൾ ഉണ്ട്. ഇവരുടെ ആരംഭലക്ഷ്യങ്ങൾ അഭിലഷണീയവും അഭിനന്ദാർഹവുമാണ്. തുടക്കം മുതൽ ഇതിന്റെ പ്രവർത്തന രീതികൾ വിമർശന വിധേയമായിട്ടുണ്ട്. ഫണ്ടുകൾക്ക് ചുക്കാൻ പിടിക്കുന്നവരുടെ ധാർഷ്ട്യം പലപ്പോഴും വിപരീതാനുഭവമാണ് ഉളവാക്കിയിട്ടുള്ളത്. കർത്താവിന്റെ ദാസന്മാരെ സ്വന്തം ദാസന്മാരാക്കാനുള്ള ഇവരുടെ പ്രവണത ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. ദൈവദാസന്മാരുടെ സാമ്പത്തിക ആവശ്യങ്ങൾക്കു വേണ്ടി ദൈവമക്കൾ നൽകുന്ന ഉദാരസംഭാവനകൾ വിതരണം ചെയ്യുക മാത്രമാണ് ഇവരുടെ കർത്തവ്യം. എന്നാൽ ഫണ്ടു വിതരണക്കാർ ദൈവദാസന്മാരുടെമേൽ കർത്തവ്യം നടത്തുന്ന സ്ഥിതി വിശേഷത്തിലേക്ക് കാര്യങ്ങൾ നീങ്ങുന്നതു കാണുമ്പോൾ ഞങ്ങൾക്കു പ്രതികരിക്കാതിരിക്കാനാവില്ല.

ചില മാസങ്ങൾക്കു മുമ്പ് ഒരു ഫണ്ട് നേതാവ് ഒരു മാസികയിൽ സുവിശേഷകന്മാരെ താറടിച്ചെഴുതിയ ലേഖനം വളരെ വിവാദമാവുകയുണ്ടായി. ഇദ്ദേഹത്തിന്റെ നിരവധി അഭിപ്രായങ്ങളുടെ സംക്ഷേപം ഇങ്ങനെയാണ്. സുവിശേഷകന്മാർ അങ്ങേരുടെ വേലക്കാരാണുപോലും. ബിസിനസ് സ്ഥാപനങ്ങളിൽ ജോലി ചെയ്ത് വിരമിച്ചശേഷം അതേ ശൈലി (കൂലിക്കാരോട് ഇടപെടുന്നതുപോലെ) അനുവർത്തിച്ചുപോരുന്ന റിട്ടയേർഡ് അച്ചായന്മാരും സാറന്മാരും ദൈവദാസന്മാരുടെമേൽ കുതിരകയറുന്ന കാഴ്ച ശോചനീയമാണ്. നമ്മുടെ പല സംഘടനാ പ്രവർത്തനങ്ങളും റിട്ടയേർഡ് അച്ചായന്മാരുടെ വയസ്സാംകാലത്തെ ഹോബിയായി തീർന്നു എന്നു പറഞ്ഞാൽ എന്നോടു പിണങ്ങരുതേ അച്ചായന്മാരേ!

മുൻപൊരിക്കൽ നമ്മുടെ ഒരു നാടൻ ഫണ്ട് നേതാവ് ഞങ്ങളുടെ നാട്ടിൽ ഒരു സുവിശേഷകന്റെ അതിരുതർക്കം തീർക്കാൻ വന്ന സംഭവം മുൻപ് കുറിച്ചിട്ടുള്ളതാണ്. ഇത്തരം പ്രവണതയും മുന്നേറ്റങ്ങളും തടയിടേണ്ടതാണ്. ഫണ്ടുകളുടെ കുസൃതികളേക്കുറിച്ചു പറഞ്ഞാൽ ഒത്തിരിയുണ്ട്. അതിനു ഞാൻ ഇപ്പോൾ മുതിരുന്നില്ല. എന്നാൽ ദൈവദാസന്മാരെ തങ്ങളുടെ ദാസന്മാരാക്കാനും അവരെ പാഠം പഠിപ്പിക്കാനുമുള്ള ഫണ്ടുനേതാക്കന്മാരുടെ പ്രവണത മുളയിലെനുള്ളിക്കളയുക. നിങ്ങളുടെ വേലക്കാരാക്കാനുള്ള ശ്രമം എന്തുകൊണ്ടും നിർത്തിയേമതിയാവു.

നമ്മുടെ ഫണ്ടു സമിതികളിൽ റിട്ടയേർഡ് അച്ചായന്മാർ മാത്രമാകാതെ സുവിശേഷകന്മാരുടെ വേദന അറിയാവുന്ന വരെ കൂടി ഉൾപ്പെടുത്തിയാൽ നന്നാണ്. ഫണ്ടുകളിലേക്ക് സംഭാവനകൾ നല്കിയിട്ട് എങ്ങനെയെങ്കിലുമാകട്ടെ എന്നു കരുതിയിരിക്കുന്ന സ്ഥലം സഭകൾ ഇതേക്കുറിച്ച് ബോധ്യമുള്ളവരായാൽ നന്ന്. ദിവംഗതനായ കർതൃദാസൻ വി. റ്റി. മത്തായി നമ്മുടെ ഒരു ഫണ്ടിൽ സ്ഥിരാംഗമായിരിക്കുകയും സുവിശേഷപ്രവർത്തകർക്കുവേണ്ടിയും അവരുടെ വേദനയറിയുകയും ചെയ്ത ചരിത്രം നമുക്കറിവുള്ളതാണ്. ഈ ചരിത്രം തുടർന്നു പോവേണ്ടത് വളരെ ആവശ്യമാണ്. ആയതിന് ശ്രമം ഉണ്ടായില്ലെങ്കിൽ ഇതു പോലുള്ള ധാർഷ്ട്യപ്രവണത തുടർന്നുകൊണ്ടേയിരിക്കും. ഫണ്ടുകൾക്കു ചുക്കാൻ പിടിക്കുന്നവർ ദൈവഭയത്തോടും സൂക്ഷമതയോടുംകൂടെ അതു നിർവ്വഹിച്ചാൽ നന്ന്.

**- ചീഫ് എഡിറ്റർ**

# വിജയികൾ

## ആത്മീയ മുന്നേറ്റത്തിന് ഒരു മാർഗ്ഗരേഖ

**ലേഖനം**
**ഐസക് സാമുവേൽ**



കടം എടുത്ത പ്രകാശം, കുറഞ്ഞ പ്രകാശം, ഉരുത്തിരിഞ്ഞ പ്രകാശം എന്നിവയിൽ നിന്നെല്ലാം വ്യത്യസ്ഥമായി അവിടുന്നു യഥാർത്ഥ സത്യവെളിച്ചമാണ്. നിഴലുകൾക്കും അടയാളങ്ങൾക്കും വിരുദ്ധമായ യഥാർത്ഥ വെളിച്ചമാണ്. അവനാണ് ദൈവത്തിൽ നിന്നുള്ള പ്രകാശത്തിന്റെ പ്രഥമ ഉറവിടം. ദൈവത്തിന്റെ മഹത്വം അവനിൽ പ്രകാശിക്കുന്നു. മറ്റേതൊരു വെളിപ്പാടിനെക്കാളും ഉജ്ജ്വലമായി. അതിനാൽ അവനെ കാണുന്ന ഓരോ വ്യക്തിയും അവൻ ആയിരിക്കുന്നതുപോലെ കാണുന്നു.

ഏത് മനുഷ്യനെയും പ്രകാശിപ്പിക്കുന്നു. എത് മനുഷ്യന്റെയും പ്രകാശം അവനാണ്. പ്രകാശിപ്പിക്കപ്പെട്ട ആരും അവനാൽ പ്രകാശിക്കപ്പെട്ടവരാണ്. രക്ഷയെക്കുറിച്ചും അതിൽ രക്ഷകനുള്ള പങ്കിനെക്കുറിച്ചും അവൻ ആയിരിക്കുന്നതുപോലെ അവനെ കണ്ടിട്ടുള്ള ഏവർക്കും മനസ്സിലാക്കാൻ കഴിയും.

യോഹന്നാൻ 8:12 ൽ പറയുന്നു. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും. ലോകത്തിന്റെ ഒരേയൊരു വെളിച്ചം യേശുക്രിസ്തുവാണ്. എവിടെയും ആരെയും പ്രകാശിപ്പിക്കുന്ന ഏക സത്യവെളിച്ചം അവനാണ്. അവന്റെ പ്രകാശം മാത്രമാണ് മതിയായ പ്രകാശം.

യോഹന്നാൻ 3:16 ഏവർക്കും പരിചിതവാക്യമാണ്. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. തുടർന്ന് പറയുന്നത് ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല. ലോകം അവനാൽ രക്ഷിക്കപ്പെടാനത്രേ. അവനിൽ വിശ്വസിക്കുന്നവന് ന്യായവിധിയില്ല. വിശ്വസിക്കാത്തവന് ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു. രക്ഷക്കായി അവനിൽ വിശ്വസിക്കണം എന്ന പ്രമേയം വീണ്ടും കാണാം. ന്യായവിധി എന്തെന്ന് 19-ാം വാക്യത്തിൽ കാണാം. ന്യായവിധി എന്നതോ വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതാകയാൽ അവൻ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതുതന്നെ.

രക്ഷയുടെ പ്രകാശം യേശുക്രിസ്തുവിൽ മാത്രം തിളങ്ങുന്നു. ജെ.സി. റയൽ ഇപ്രകാരം എഴുതുന്നു. സൂര്യൻ ലോകത്തിലെന്നപോലെ ക്രിസ്തു മനുഷ്യന്റെ ആത്മാവാണ്. സകല ആത്മീക വെളിച്ചത്തിന്റെയും ഉറവിടവും കേന്ദ്രവും താനാണ്. പൊതു നന്മയ്ക്കായി സൂര്യൻ പ്രകാശിക്കുന്നതുപോലെ താൻ പ്രകാശിക്കുന്നു. അത് പാവപ്പെട്ടവനും പണക്കാരനും ഉയർന്നവനും താഴ്ന്നവനും യെഹൂദനും യവനനും ഒരുപോലെ പ്രയോജനപ്പെടുവാൻ സൂര്യനെപോലെ അവൻ ഏവർക്കും സൗജന്യമായി തന്നെ നോക്കുന്ന ഏവർക്കും ജീവന്റെ ആധാരമായ പ്രകാശം നല്കുന്നു. പ്രകാശം ആസ്വദിക്കാതെ കണ്ണുകളെ മൂടി ഇരുട്ടിൽ കഴിയുന്നുവെങ്കിൽ അതിന്റെ കുറ്റക്കാരൻ സൂര്യനല്ല മറിച്ച് അവൻ തന്നെയാണ്.

അതുപോലെ ദശലക്ഷക്കണക്കിന് സ്ത്രീ പുരുഷന്മാർ പ്രകാശത്തെ പകച്ച് ആത്മീക അന്ധകാരത്തിൽ കഴിയുന്നു. മനുഷ്യൻ സ്വീകരിച്ചാലും ഇല്ലെങ്കിലും സത്യസൂര്യനും സത്യവെളിച്ചവും യേശുക്രിസ്തുവാണ്. പാപിക്ക് ക്രിസ്തുവല്ലാതെ മറ്റൊരു പ്രകാശം ഇല്ല. സൂര്യൻ ലോകത്തെ പ്രകാശിപ്പിക്കുന്നതുപോലെ ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന വെളിച്ചം ക്രിസ്തുവാണ്. മറ്റൊരു പ്രകാശം ഇല്ല. ഈ വെളിച്ചത്തെ നിങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിച്ചാൽ നിങ്ങൾക്ക് രക്ഷ പ്രാപിക്കാം. എന്നാൽ ഈ വെളിച്ചത്തെ തിരസ്ക്കരിക്കുന്നവന് ന്യായവിധിയുണ്ട്.

അവൻ സ്വയം എങ്ങനെ പ്രത്യക്ഷനായി? വാക്യം 10 അവൻ ലോകത്തിൽ ഉണ്ടായിരുന്നു. ലോകം അവൻ മുഖാന്തിരം ഉളവായി. ലോകമോ അവനെ അറിഞ്ഞില്ല. ലോകത്തെ സൃഷ്ടിച്ചത് അവനാണ്. അവൻ ലോകത്തിൽ 33 വർഷക്കാലം ഉണ്ടായിരുന്നു. അവൻ തന്റെ സൃഷ്ടിയിൽ ഉണ്ടായിരുന്നു. 30 വർഷക്കാലം നസ്രേത്തിലെ ആളുകളുടെ അയൽവാസിയായി അവൻ ഉണ്ടായിരുന്നു. എന്നിട്ടും താൻ ആദ്യമായി പ്രസംഗിക്കുവാൻ ആരംഭിച്ചപ്പോൾ അവർ അവനെ കൊല്ലുവാൻ ശ്രമിച്ചു. മൂന്നരവർഷക്കാലം അവൻ ഇസ്രയേൽ ദേശത്ത് ശുശ്രൂഷ ചെയ്തു. രോഗികളെ സൗഖ്യമാക്കി. ഭൂതങ്ങളെ പുറത്താക്കി. പ്രകൃതിമേലും ശക്തി വെളിപ്പെടുത്തി. ദൈവം ജഡത്തിൽ അവതരിപ്പിച്ച ദൈവീകതയുടെ മർമ്മമായിരുന്നു അവൻ. അദൃശ്യദൈവം ദൃശ്യമായി തീർന്നവനാണ് യേശുക്രിസ്തു.

ഭാഷ്യം (തുടർച്ച)

# സങ്കീർത്തനങ്ങൾ–78

ഡോ.സി.വി.വടവന

**പശ്ചാത്തലം.** സങ്കീർത്തനങ്ങളുടെ മൂന്നാം പുസ്തകത്തിൽ ഏറ്റവും ദീർഘമായ സങ്കീർത്തനം ആസാഫിന്റെ ധ്യാനമായ എഴുപത്തി എട്ടാം സങ്കീർത്തനമാകുന്നു. ചരിത്രത്തിന്റെ ഒരു കവിത എന്ന് പേരിന് ഈ സങ്കീർത്തനം അർഹമായതാണ്. മിസ്രയീമിൽ നിന്നുള്ള യിസ്രായേലിന്റെ പുറപ്പാട് മുതൽ ദാവീദിന്റെ കാലം വരെയുള്ള നൂറ്റാണ്ടുകളെ മുഴുവൻ ആസാഫ് അവലോകനം ചെയ്തുകൊണ്ട് ഏതു കാലത്തും ഉള്ള ദൈവജനത്തിനായുള്ള പ്രബോധനങ്ങൾ ഈ സങ്കീർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു പ്രസംഗ ശുശ്രൂഷയാണ് ഇവിടെ നാം ദർശിക്കുന്നത്. എഴുപത്തി ഏഴാം സങ്കീർത്തനത്തിന്റെ ഒടുവിലത്തെ വാക്യത്തെ ആധാരമാക്കി ഒരു ദീർഘപ്രസംഗം സങ്കീർത്തനക്കാരൻ ഈ സങ്കീർത്തനത്തിൽ നിർവ്വഹിക്കുന്നു. ദൈവം തന്റെ ജനത്തെ അടിമ വീട്ടിൽ നിന്ന് വിടുവിച്ചശേഷം മോശയുടെയും അഹരോന്റെയും കൈയാൽ ഒരു ആട്ടിൻകൂട്ടത്തെപ്പോലെ നടത്തിയ വിധത്തെ ഈ സങ്കീർത്തനത്തിൽ വിശദീകരിക്കുന്നു.

ആസാഫിന്റെ ഒരു 'ധ്യാനം' എന്നതിന്റെ അർത്ഥം ഉപദേശപരമായ ധ്യാനം എന്നാണ്. ഇവിടെ യിസ്രായേലിന്റെ പൂർവ്വ ചരിത്രത്തിൽ നിന്ന് മുന്നറിയിപ്പ് പ്രാപിപ്പാൻ സങ്കീർത്തനക്കാരൻ തന്റെ ശ്രോതാക്കളെ ക്ഷണിക്കുകയാണ്. ഇത് എഴുതിയ കാലം വ്യക്തമല്ല. ദൈവത്തിന്റെ അതിരറ്റ ക്ഷമയും യിസ്രായേലിന്റെ നിരന്തരമായ നന്ദികേടും വിവരിക്കുന്ന ഈ സങ്കീർത്തനത്തിൽ അവരുടെ പൂർവ്വ ചരിത്രമാണ് കവി വർണ്ണിക്കുന്നത്. പൂർവ്വ കാല വൃത്താന്തങ്ങളിൽ നിന്ന് പുതിയ പാഠങ്ങൾ പഠിക്കുന്നതിന് പ്രബോധിപ്പിക്കുന്നു. കർത്താവിന്റെ കരുണ കണക്കില്ലാതെ അനുഭവിച്ചിട്ടും അവയെല്ലാം വിസ്മരിച്ച് നന്ദികേടോ മത്സരബുദ്ധിയോടുമാണവർ പെരുമാറുന്നത്. ദാവീദിന്റെ കാലം വരെയുള്ള ചരിത്രം മാത്രം പ്രതിപാദിച്ചിരിക്കുന്നതുകൊണ്ടും ദൈവാലയം നില്ക്കുന്നതായി സൂചിപ്പിച്ചിരിക്കുന്നതു കൊണ്ടും രണ്ട് രാജ്യങ്ങളും തമ്മിൽ പിണങ്ങി പിരിഞ്ഞശേഷം വടക്കേ രാജ്യത്തിന് ഒരു പാഠമായി എടുത്ത് ഉദ്ബോധിപ്പിക്കാനായിരിക്കണം ഈ സങ്കീർത്തനം രചിച്ചത്. ദൈവം തന്റെ ജനത്തിനുവേണ്ടി താണിറങ്ങി നിവർത്തിച്ച സംഗതികളുടെ ഒരു പൊതു വീക്ഷണമാണ് ഒന്നു മുതൽ എട്ടുവരെ യുള്ള വാക്യങ്ങളുടെ സംക്ഷേപം.

**വാ. 1 എന്റെ ജനമേ, എന്റെ ഉപദേശം ശ്രദ്ധിക്കുവിൻ; എന്റെ വായ് മൊഴികൾക്കു നിങ്ങളുടെ ചെവി ചായിക്കുവിൻ.**

2 കല്പനകൾ:

1 എന്റെ നിയമങ്ങളെ ശ്രദ്ധിക്കുവിൻ (വാ. 1) ഇത് 14 തവണ പ. നി. കാണുന്നുവെങ്കിലും ഒരിക്കൽ പോലും പു. നി. ൽ ഇല്ല. ന്യായപ്രമാണത്തെ ശ്രദ്ധിച്ച് അനുസരിക്കുക എന്നാണ് ഇത് അർഥമാക്കുന്നത് (പുറ. 15:26; ആവ. 32:1).

2 എന്റെ വാക്കുകൾക്ക് നിങ്ങളുടെ ചെവി ചായിക്കുവിൻ (വാ.1). പ. നി. ൽ 16 തവണ കാണുന്നു; പു. നി. ൽ ഒരിക്കൽ പോലുമില്ല. ന്യായപ്രമാണത്തെ അനുസരിക്കുവാൻ എല്ലാ ശ്രമവും നടത്തുക എന്നർഥം (17:6; സദൃ. 2:2; 4:20).

മോശെ തന്റെ ശുശ്രൂഷയുടെ അന്ത്യത്തിൽ യിസ്രായേലിനെ ചൊല്ലി കേൾപ്പിച്ച പാട്ടിന്റെ ആരംഭം പോലെയും യെശയ്യാവിന്റെ പ്രവചനം ആരംഭിക്കുന്നതുപോലെയും ഇവിടെ ആസാഫ് പറയുന്ന വാക്കുകൾ എന്റെ ജനമേ കേൾക്ക എന്നുള്ള ഒരു വിളിയാണ് (ആവ. 32:1; യെശ. 1:2).

**വാ. 2 ഞാൻ ഉപമ പ്രസ്താവിക്കുവാൻ വായ് തുറക്കും; പുരാതന കടങ്കഥകളെ ഞാൻ പറയും.** മാഷാൽ (എബ്രാ.), സാമ്യം; രൂപസാദൃശ്യം; സദൃശവാക്യം (വാ. 2; 49:4; സംഖ്യ. 23:7; 24:3; ഇയ്യോ. 27:1; 29:1; സദൃ. 26:7, 9; യെഹെ. 17:2; 20:49; 24:3; മീഖാ 2:4; ഹബ. 2:6). മത്താ. 13:35 ലെ ആശയം വിശദീകരണവുമായി ബന്ധപ്പെട്ടതാണ്; എന്നാൽ ഇവിടെ ഉപയോഗിച്ചിരിക്കുന്നതിന്റെ അർഥം, "വിവിധ ഉദാഹരണങ്ങളാൽ ഞാൻ നിങ്ങൾക്കു നിർദേശങ്ങൾ തരും" എന്നാണ്. ഇത്, മഹത്തായ 4 ചരിത്ര സങ്കീർത്തനങ്ങൾ ഉള്ളതിൽ (78, 105, 106, 136) ഒന്നാമത്തേതാകുന്നു. ഇവിടെ മാത്രം ദൈവത്തിന്റെ 80 പ്രവൃത്തികളും യിസ്രായേലിന്റെ ചരിത്രത്തിലെ 30 പാപങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. മത്താ. 13:35 ൽ ഉദ്ധരിച്ചിരിക്കുന്നു. ഒ. നോ. സങ്കീ. 49:4.

ഹിദാഹ് (എബ്രാ.), എന്ന പദത്തിന് ഒരു കെട്ട്; വളരെ നിഗൂഢമായ പ്രസ്താവന; കടങ്കഥ; പഴഞ്ചൊല്ല്; പ്രഹേളിക എന്നാണർത്ഥം (വാ. 2; 49:4; സംഖ്യ 12:8; സദൃ. 1:6; ദാനീ. 8:23). മനസ്സിലാക്കുവാൻ കഴിയാത്ത വാക്കുകളിൽ മർമം പ്രസ്താവിച്ചിരിക്കുന്നു എന്നതല്ല ഇവിടുത്തെ കടങ്കഥ; പിന്നെയോ ഇത്രയധികം അത്ഭുതങ്ങൾ യിസ്രായേലിന് എങ്ങനെ സംഭവിച്ചു എന്നതാണ്.

യഹോവയുടെ വചനം പ്രസ്താവിക്കുന്ന ഒരു വിശ്വസ്ത ദൂതൻ എന്നുള്ള നിലയിൽ ആസാഫ് പരിശുദ്ധാത്മാവിനാൽ നിയന്ത്രിതനായി അനുഗൃഹീതമായ ഒരു പ്രസംഗ ശുശ്രൂഷ നിർവ്വഹിക്കുമ്പോൾ പൂർവ്വ കാലചരിത്രത്തെ തന്റെ ശ്രോതാക്കളുടെ ശ്രദ്ധയിലേക്ക് തിരിക്കുന്നതായി കാണാം. ദൈവവചനത്തിന്റെ ആഴമേറിയ സത്യങ്ങൾ ഉപമകളായി പ്രസ്താവിക്കുന്നതിനാണ് സങ്കീർത്തനക്കാരൻ ഉദ്ദേശിക്കുന്നത്. കർത്താവ് ജനക്കൂട്ടത്തോട് ഉപമകളായി അതിഗഹനമായ കാര്യങ്ങൾ പറഞ്ഞതായി നാം വായിക്കുന്നു (മത്താ. 13:34). "ഞാൻ ഉപമ പ്രസ്താവിപ്പാൻ വായ് തുറക്കും; ലോകസ്ഥാപനം മുതൽ ഗൂഢമായത് ഉച്ചരിക്കും" എന്ന് പ്രവാചകൻ പറഞ്ഞത് നിവൃത്തിയാകുവാൻ സംഗതി വന്നു (മത്താ. 13:35) എന്ന് സുവിശേഷകൻ ഉദ്ധരിക്കുന്നത് ഈ വാക്യമാണ്.

**വാ. 3-4 നാം അവയെ കേട്ടറിഞ്ഞിരിക്കുന്നു; നമ്മുടെ പിതാക്കന്മാർ നമ്മോടു പറഞ്ഞിരിക്കുന്നു - അത്ഭുതപ്രവൃത്തികളും വിവരിച്ചുപറയും.** ഈ കടങ്കഥകൾ വാമൊഴിയിലൂടെയോ വരമൊഴിയിലൂടെയോ തലമുറകളായി കൈമാറി വന്ന യിസ്രായേലിന്റെ ചരിത്രത്തിലെ സംഭവങ്ങളെക്കുറിച്ചുള്ളവയാണ്. എല്ലാ തലമുറകളും അറിയുന്നതിനായി ഇവിടെ അവ രേഖപ്പെടുത്തിയിരിക്കുന്നു (വാ. 3-5). ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലുകളും വീര്യപ്രവൃത്തികളും വരും തലമുറകളും അറിയേണ്ടതിനു പഴയ കാര്യങ്ങളെക്കുറിച്ച് ഓർത്ത് പ്രസ്താവിക്കുന്നു (വാ. 4-5).

---

# യിസ്രായേൽ ഗൃഹം പണിതരണ്ടു സഹോദരിമാർ

ലേഖനം



എൽസി ബേബി

**ഇ**ങ്ങനെയൊക്കെയാണെങ്കിലും യാക്കോബിന്റെ പ്രാർത്ഥന കൊണ്ടോ ദൈവകൃപകൊണ്ടോ ദൈവം റാഹേലിനെ ഓർത്തു. ഒരു മകനെ നല്കി "ദൈവം എന്റെ നിന്ദ നീക്കികളുത്തിരിക്കുന്നു എന്നു പറഞ്ഞ്, യഹോവ എനിക്ക് ഇനിയും ഒരു മകനെ തരും" എന്നു പറഞ്ഞ് അവനു യോസേഫ് എന്ന പേരിട്ടു. അതിനു മുമ്പ് ദാസിയിലൂടെ രണ്ടു മക്കളെ നല്കി. ലേയാക്ക് 6 മക്കളെ കൊടുത്തപ്പോൾ റാഹേലിനു ലഭിച്ചു മൂന്നു മക്കൾ! തീർന്നില്ല. യാക്കോബ് താൻ സമ്പാദിച്ച സമ്പത്തും മൃഗ സമ്പത്തുമായി മടങ്ങി സേഫേലിലേക്കു യാത്രയായി. കേവലം ഒരു വടിയോടു കൂടെ പോയ യാക്കോബ് ബഹു സമ്പന്നനായി മടങ്ങുകയാണ്. റാഹേലിന്റെ ആത്യാഗ്രഹം മൂലം അവൾ തന്റെ അപ്പന്റെ ഗൃഹവിഗ്രങ്ങൾ മോഷ്ടിച്ചും കൊണ്ടു പോയത്. എന്തിനായിരുന്നു ആ വിഗ്രഹങ്ങൾ! തന്റെ യഹോവാ ഭക്തനായ യാക്കോബ് ജീവനുള്ള ദൈവത്തേക്കാൾ വലുതാണെന്നോ വിഗ്രഗങ്ങൾ" അതു മൂലമുണ്ടായ വിപത്തുകൾ എത്ര വലുതായിരുന്നു ലാബാൻ യാക്കോബിനെ സംശയിച്ചു നിരപരാധിയായ യാക്കോബ് "ആരുടെ പക്കലെങ്കിലും കണ്ടാൽ ആയാൾ മരിക്കണം" എന്നു പറഞ്ഞതനുസരിച്ച് ലാബാൻ അതുകണ്ടു പിടിചെങ്കിൽ തീർച്ചയായും റാഹേൽ മരിക്കേണ്ടിവരികയില്ലെ! അവിടേയും ദൈവം അപ്പനെ വഞ്ചിച്ചും, മോഷ്ടിച്ചു. കള്ളം പറഞ്ഞും അവൾ രക്ഷപ്പെട്ടെങ്കിലും അവൾക്കു ദൈവം നല്കിയ ശിക്ഷ എത്ര ഘോരതരമായിരുന്നു. വഴിയിൽ വച്ച് പ്രസവ വേദനയോടെ അവൾ മരിച്ചു. വിഗ്രഹങ്ങളെല്ലാം കുഴിച്ചിടേണ്ടിവന്നു. ബേഥേലിൽ എത്താൻ കഴിഞ്ഞൊ? മക്കളുടെ അനുഗ്രഹങ്ങൾ കാണാൻ പറ്റിയൊ? തലമുറകളെ താലോലിക്കാൻ പറ്റിയൊ? ലേയയെ നോക്കുക. മക്കളേയും അവരുടെ മക്കളുടെ കണ്ട് അവളെ അടക്കം ചെയ്തു. അബ്രഹാം സാറാ ഇസ്ഹാക്ക് റിബേക്കാ 1..30:16 ഇവരോടൊപ്പം മക്ക്പോലാഗുഹയിൽ ! റാഹേലോ? മക്കളെക്കുറിച്ചു കരഞ്ഞും അവരില്ലായ്കയാൽ ആശ്വാസം കൈക്കൊൾവാൻ മനസ്സില്ലാതെ വഴിയിൽ വച്ച് കടന്നു പോകേണ്ടി വന്ന ദുരവസ്ഥ! എന്നിരുന്നാലും യിസ്രായേൽ ഗൃഹം പണിത സ്ത്രീകളേക്കുറിച്ചു പറയുമ്പോൾ "യഹോവ റാഹേലിനേപ്പോലെയും ലേയയേപ്പോ ലെയും ആകട്ടെ" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. റാഹേലിന്റെ പേരാണ് ആദ്യം പറഞ്ഞിരിക്കുന്നത്. പ്രിയ സഹോദരിമാരെ, നാം പലപ്പോഴും വായിക്കാറും പഠിക്കാറുള്ള രണ്ടു സ്ത്രീ കഥാപാത്രങ്ങളാണല്ലൊ. ലേയയും, റാഹേലും. നമ്മുടെയൊക്കെ കുടുംബജീവിതത്തിലും ആത്മിക ജീവിതത്തിലും നമ്മേത്തന്നെ ഒന്നു പരിശോധിക്കുവാൻ ഈ പഠനം നമ്മളെ സഹായിക്കട്ടെ. ദൈവം പ്രസാദിക്കുന്ന ഒരു ജീവിതമാകുന്ന നമ്മുടെ ജീവിതം." നമ്മുടെ കയ്യിലുള്ള ഏതും ഭവനം ഭർത്താവ്, മക്കൾ, ധനം, സമ്പത്ത് സൗന്ദര്യം ആരോഗ്യം ഉദ്യോഗം ഏതു തന്നെ ആയാലും അവയെല്ലാം ദൈവത്തിന്റെ ദാനമാകുന്നു എന്നോടും അവ ഓരോന്നും ദൈവഹിതപ്രകാരം, ദൈവമഹത്വത്തിന്റെയും അനേകർക്ക് പ്രയോജനകരമായും, ചിലവാക്കുവാനും ചിലവായിപ്പോകുവാനും അനുവദിക്കുക താഴ്ചയും വിനയവുമുള്ള ജീവിതം! നമ്മുടെ സംസാരം നടപ്പ്, പ്രവൃത്തികളെല്ലാം മറ്റുള്ളവരെ നമ്മുടെ കർത്താവിലേക്കാകർഷിക്കപ്പെട്ടതായിരിക്കട്ടെ! ക്രിസ്തുവിൽ വമ്പിച്ച്. ക്രിസ്തുവിന്നായി ഫലം കായ്ക്കുന്നവരായിരിക്കാം. ദിവ്യാഗ്രഹം, വിഗ്രഹാരാധാന ഇവയാതൊന്നും നമ്മെ ആശ്രയിക്കാതെ ദൈവഭയത്തിലും, ദൈവാശ്രയത്തിലും ദൈവഭക്തിയിലും ജീവിച്ചു നല്ല സാക്ഷ്യം നിലനിർത്തി ഇവിടെ നിന്നും കടന്നു പോകുവാൻ ഉത്സാഹിക്ക കലഹിക്കുന്നവരാകാതെ സമാധാനമുണ്ടാകുന്നവരായി. എല്ലാവരോടും സമാധാനം ആചരിക്കുന്നവരായി ദൈവമക്കൾ എന്നു വിളിക്കപ്പെടുന്നവരായി ജീവിക്കുവാൻ ഉത്സാഹിക്ക. "ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവുമാക്കുന്നു. യഹോവ ഭക്തിയുള്ള സ്ത്രീയൊ പ്രശംസിക്കപ്പെടും" എന്നോർക്കുക. താലക്കാലികമായ ഈ ലോക ജീവിതം വിട്ടു നിത്യ സൗഭാഗ്യ ജീവിതത്തിന്നായി കാത്തു ജീവിക്കുന്ന നാം ഈ ലോകം വിട്ടു പോകുമ്പോൾ നമ്മുടെ തലമുറകൾക്കും, ജീവനോടെ ശേഷിക്കുന്നവർക്കും നല്കുവാൻ തക്ക നല്ല സാക്ഷ്യം ജീവിതം നയിപ്പാൻ നമുക്കു ആഗ്രഹിക്കാം.

# മക്കളുടെ കാൽവയ്പുകൾ ജാഗ്രതയോടെയോ?



എൽസി തോമസ്

(തുടർച്ച.....)

ഇന്ന് തിരുഹിതമല്ലാത്ത തിരഞ്ഞെടുപ്പുകൾ വർദ്ധിക്കുന്നതോടെ ഊട്ടി വളർത്തിയ മാതാപിതാക്കൾ അവർക്ക് അന്യരാകുന്നു. കുടുംബ ബന്ധങ്ങൾ ചില്ലു കൊട്ടാരം പോലെ വീണുടയുന്നു. ഇതിനിടയിൽ പിടയുന്ന അനാഥത്വം പേറുന്ന ബാല്യങ്ങളും, തിന്മയെ നന്മയെന്നും നന്മയെ തിന്മയെന്നും പറയുന്ന കാലഘട്ടം. തിന്മകൾക്കെല്ലാം സർക്കാരുകൾ അനുമതിയും നല്കുന്നു. നമുക്ക് പറഞ്ഞു കൊടുക്കാം. എന്താണ് ദൈവിക കരുതലെന്ന്. 1. വിശ്വസ്തന്മാരുടെ വഴി സൂക്ഷിക്കുന്ന ദൈവം: സദൃ 28 2. താങ്ങി നിറുത്തുന്ന ദൈവിക കരുതൽ: യെശയ്യ. 41:10, ആവശ്യങ്ങളെ സസൂക്ഷ്മം വീക്ഷിക്കുന്ന ദൈവം മത്താ. 6:32 ഉറങ്ങാത്ത സൂക്ഷിപ്പുകാരൻ സങ്കീ. 121:4 സംരക്ഷണപിതാവ് യോഹ. 17:11, പ്രയാസഘട്ടങ്ങളിൽ താങ്ങുന്ന ദൈവം സങ്കീ. 57:1, ചിറകിൽ മറവിൽ 91:1, ഈ വചനങ്ങൾ നമ്മുടെ കുഞ്ഞുങ്ങളുടെ ഹൃദയപലകയിൽ എഴുതാം. ധൈര്യപ്പെടുത്താം.

പ്രിയ സഹോദരിമാരേ, നമുക്കവർക്കു പറഞ്ഞു കൊടുക്കാം ഒന്നാമതായി: വ്യക്തിത്വം കാത്തു സൂക്ഷിക്കുക ജീവിതത്തിന്റെ ഏതു ഘട്ടത്തിലും പകർന്നു നിങ്ങൾക്കു നല്കിയ മൂല്യങ്ങളെ മുറുകെ പിടിച്ച് വ്യക്തിത്വങ്ങളെ പണയം വയ്ക്കാതെ ജീവിതത്തിൽ മുന്നേറുക. അടിതെറ്റി വീഴാതിരിക്കാൻ പിൻബലമായി എപ്പോഴും മാതാപിതാക്കൾ കൂടെയുണ്ടെന്നുള്ള ഓർമ്മ എന്നും കരുത്തായി കൂടെ കൂട്ടുക. പഠന കാലമാണ് ഏറ്റവും അധികം പ്രലോഭനമുണ്ടാകുന്നത്. എന്റെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാനാണ് എന്റെ പഠനം എന്നു മനസ്സിലുറപ്പിക്കുക. പഠനം ഒരു ബിരുദസമ്പാദനമോ അറിവ് നേടലോ മാത്രമല്ല. മറിച്ച് നല്ലൊരു വ്യക്തിത്വത്തിന് ഉടമയായി മൂല്യബോധത്തോടെ സാമൂഹ്യ പ്രതിബദ്ധതയുള്ള പൗരനായിത്തീരുക. നല്ല സൗഹൃദം: ആവശ്യമാണോയെന്നു ചിന്തിക്കുക, സിനിമയിലെപ്പോലെയും കഥയിലെപ്പോലെയുമുള്ള സൗഹൃദം കെട്ടുകഥകൾ മാത്രം, അത് ആഗ്രഹിക്കരുത്. പരസ്പരം കാണാതെയും അറിയാതെയുമുള്ള സൗഹൃദങ്ങൾ വെറും മരീചികയാണ്, സൗഹൃദം വ്യക്തിയുമായി നേരിട്ടുള്ളതാക്കാം. ഫേസ്ബുക്ക് വഴി പരിചയപ്പെട്ട ഒരാളെ ആത്മമിത്രമായി പരിഗണിക്കാനും വിശ്വസിക്കാനും പാടില്ല പ്രണയം: പരസ്പരം ആകർഷിക്കാനുള്ള കഴിവ് പ്രകൃതിദത്തമാണ്. എന്നാൽ അതിർവരമ്പുകൾ നിശ്ചയിക്കേണ്ടത് അവരവർ തന്നെ. വിവേകത്തോടും മതിയായ സമയമെടുത്തും ഇഷ്ടപ്പെടുന്നവരുമായി സൗഹൃദം സ്ഥാപിക്കുക ഇഷ്ടം പിടിച്ചു വാങ്ങുന്നത് ആത്മാഭിമാനത്തിന് ക്ഷതം ഉണ്ടാക്കും. തിരിച്ചറിയുക മക്കളെ യഥാർത്ഥ സ്നേഹം കലർപ്പില്ലാത്ത സൗഹൃദവും, കരുതലും ലാഭേച്ഛയില്ലാത്ത പെരുമാറ്റലവുമാണെന്നു തിരിച്ചറിയുക. കടപ്പാടോ സാഹചര്യങ്ങളുടെ സമ്മർദ്ദമോ, കൂട്ടുകാരുടെ നിർബ്ബന്ധമോ മറ്റൊരാളെ ഇഷ്ടപ്പെടാൻ കാരണമാക്കരുത്. എടുത്തുചാട്ടം കൗമാര പ്രായം അറിവ് നേടുവാനുള്ള വ്യഗ്രതയുടെ കാലഘട്ടമാണ്. ഈ സമയത്ത് കുട്ടികൾ ലൈംഗികതയും ലഹരിയും പരീക്ഷിക്കുന്നു. ഇത് ജൈവപരമായ ഒരു പ്രക്രിയ ആണ്. അതിനോട് 'നോ' പറയാൻ ധൈര്യം കാണിക്കുക. സുഹൃത് ബന്ധങ്ങളിൽ നിന്നു സമ്മർദ്ദമുണ്ടായേക്കാം സാരമില്ല. ലിവിംഗ് ടുഗതർ: കഥകൾ കഥകളാണ്. കഥയിൽ പറഞ്ഞു പരിചയമുള്ള പെരുമാറ്റങ്ങൾ ജീവിതത്തിൽ പരീക്ഷിക്കരുത്. വിവാഹം: കുടുംബത്തെക്കുറിച്ചും വ്യക്തിയെക്കുറിച്ചും നന്നായി മനസ്സിലാക്കിയിരിക്കണം. ബാഹ്യപ്രേരണയാലോ സമ്മർദ്ദത്താലോ അരുത് ജീവിത പങ്കാളിയെ തിരഞ്ഞെടുക്കാൻ. ഇനിയും സുരക്ഷ: ആധുനിക യുഗത്തിൽ പൊതുവേ സുരക്ഷിതർ ആണെങ്കിലും നമ്മുടെ നാട്ടിൽ സ്ത്രീ സുരക്ഷ ഒരു ചോദ്യചിഹ്നം തന്നെയാണ്. നോട്ടം മുതൽ സ്പർശനം വരെ തരം തിരിച്ചു. കാണുവാൻ ശ്രദ്ധിക്കുക കുഞ്ഞുങ്ങളെ ആരോഗ്യപരമായ സാമൂഹിക ജീവിതത്തിന് നല്ല സുഹൃത്തുക്കളെയും ആവശ്യമാണ്. തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പാലിച്ചു മാത്രം.

ഇനിയും നമുക്ക് അവരോട് ചേർന്നു നിന്നുകൊണ്ട് പഠന മേഖലകളെ, ജോലി സ്ഥലങ്ങളെ അവർ ഏതു മേഖലയിൽ ആയിരുന്നാലും ദൈവവചനത്താൽ സംരക്ഷണം നല്കുവാനും ദുഷ്ടൻ ദൃഷ്ടി വെയ്ക്കാതെ ശത്രു അവർക്കു നേരെ പ്രബലപ്പെടാനിടവരാതെ ദൂതന്മാരുടെ കാവലാൽ അവരെ സൂക്ഷിക്കുവാൻ നമുക്കൊരുമിച്ചു പ്രാർത്ഥിക്കാം. അതിനായി കർത്താവ് നമ്മെ ഓരോരുത്തരെയും ശക്തീകരിക്കുകയും ബലപ്പെടുത്തുകയും ചെയ്യട്ടെയെന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു.

"ഏതു നേരത്തും പിശാച് ഇടർച്ച ചെയ്തിടും ഭീതി വേണ്ട ദൂതരുണ്ട് കാത്തു കൊള്ളുവാൻ".

# ദാനിയേൽ പ്രവചനം

(തുടർച്ച)

ഡോ.സണ്ണി എഴുമറ്റൂർ



### പഴയനിയമ വിശുദ്ധന്മാരുടെ ഉയിർപ്പും ന്യായവിധിയും

**ഈ** സന്ദേശവാഹകരെ സംരക്ഷിക്കുന്നത് അവരുടെ ജീവന് ഭീഷണിയാകും, എന്നാൽ ക്രിസ്തുവിലുള്ള വിശ്വാസത്തിന് തെളിവാണ്. അവരുടെ പ്രവർത്തികളാലല്ല അവർ സ്വീകരിക്കപ്പെടുന്നത്, കാരണം പ്രവർത്തികളാൽ ആരും നീതികരിക്കപ്പെടുന്നില്ല എന്നാൽ ഇവരുടെ പ്രവർത്തി ക്രിസ്തുവിലുള്ള വിശ്വാസത്തെ വെളിപ്പെടുത്തുന്നു. അത് അവരെ സ്വീകാര്യരാക്കുന്നു. കർത്താവ് തന്റെ ഇടത് വശത്തുള്ളവരോട് കല്പിക്കും, "ശപിക്കപ്പെട്ടവരെ എന്നെ വിട്ട് പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കും പോകുവിൻ'' (മത്താ. 25:41). ഈ ന്യായവിധിയുടെ അടിസ്ഥാനം അവരുടെ പ്രവർത്തിയാണ് (42-43). അവർ അതിന് കർത്താവിനെ കണ്ടിട്ടില്ല എന്ന് മറുപടിപറയും, അവനുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ അവസരം ലഭിച്ചില്ല എന്നും പറയും അവരുടെ ന്യായാധിപതി ന്യായത്തിനൊത്ത വണ്ണമല്ല എന്ന് ന്യായീകരിക്കുവാൻ ശ്രമിക്കും. ക്രിസ്തു ഇപ്രകാരം മറുപടി പറയും "ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാത്തിടത്തോളം എനിക്കാകുന്നു ചെയ്യാത്തത്" (വാക്യ 45). ഇവർ ക്രിസ്തുവിന്റെ മുമ്പിൽ നില്ക്കുമ്പോൾ ഈ സന്ദേശത്തെയും തിരസ്കരിച്ചത് വെളിപ്പാടും. അവന്റെ സന്ദേശവാഹകരെ സ്വീകരിക്കാത്തത് ക്രിസ്തുവിൽ അവർക്കുള്ള അവിശ്വാസത്തെ കാണിക്കുന്നു. ക്രിസ്തുവിലുള്ള അവരുടെ അവിശ്വാസമാണ് അവരുടെ പ്രവർത്തികളിലൂടെ കാണുന്നത്. അത് അവരെ സഹസ്രാബ്ദ വാഴ്ചയിൽ നിന്നും അകറ്റി നിർത്തും. അത്തരത്തിലുള്ളവർ നിത്യനാശത്തിലേക്കും എന്നാൽ നീതിമാന്മാർ നിത്യജീവനിലേക്കും പ്രവേശിക്കും (വാക്യം 46).

മത്തായി 25:10 പറയുന്നത് കർത്താവ് വരുമ്പോൾ ഇസ്രായേ അതിന്റെ പ്രതാപത്തിലെത്തും (സെഖ. 13:8-9). ഇത് മത്തായി 13:41-43 സമുച്ചയപദത്തിൽ മനസ്സിലാക്കാം 1260 ദിവസങ്ങൾക്ക് ശേഷം 30 ദിവസങ്ങൾ ഇസ്രായേലിന്റെ കൂടിച്ചേരലിന് വേണം ദൂതന്മാർ ലോകരാജ്യങ്ങളിലെല്ലാം പോയി പലസ്ഥിന്റെ 12 ഗോത്രങ്ങളിൽ നിന്നും സകലരെയും മടക്കി വരുത്തും. ഒരൊറ്റ ഇസ്രയേൽക്കാരനും ഒരു ജാതീയ ദേശത്തും കൈവിടപ്പെടുകയില്ല (മർക്കോ. 13:26-27) ഈ വലിയ ന്യായവിധി തുടങ്ങുന്നത് ഭൂമിയിൽ ജീവിച്ചിരിക്കുന്ന അവിശ്വാസികൾ മൃഗത്തെ ആരാധിക്കുന്നവരുടെ മേൽ വളരെ പെട്ടന്നായിരിക്കും. 1335 ദിവസങ്ങൾ കഴിയുമ്പോൾ അല്ലെങ്കിൽ കർത്താവിന്റെ രണ്ടാം വരവിന് 75 ദിവസങ്ങൾക്ക് മുമ്പ് ഈ ന്യാവിധികൾ നടത്തപ്പെടുകയും സഹസ്രാബ്ദവാഴ്ച സമാരംഭിക്കുകയും ചെയ്യും. ന്യായവിധിയിലക്കപ്പെടാതെ ഈ രാജ്യത്തിലേക്കു പ്രവേശിക്കുന്നവർ "ഭാഗ്യവാന്മാർ" എന്ന് വിളിക്കപ്പെടുക.


ദാനിയേലിന്റെ ദിനങ്ങൾ അടുത്തു കൊണ്ടിരിക്കുന്നു. ദൂതൻ അവസാന പ്രവചനവുമായി, തന്റെ വ്യക്തി പരമായ ജീവിതത്തോട് ബന്ധപ്പെട്ടതുമായി സമീപിക്കുന്നു. അവൻ തന്റെ രീതിയൽ തുടരും. മരണം സംഭവിക്കും, താൻ വിശ്രമിക്കും, കാലം കഴിയും, താൻ കണ്ടതും കേട്ടതുമായ കാര്യങ്ങൾ നിറവേറ്റപ്പെടും. സാമ്രാജ്യങ്ങൾ ഉയരും, തകരും. സകലത്തിനെയും തകർക്കുന്നവനായി കർത്താവ് വരും യുഗം അവസാനിക്കും. എതിർക്രിസ്തു വരും, മശിഹാ വീണ്ടും വരും.

**ദാനിയേലിനുള്ള അവസാന അനുഗ്രഹം**

ഇവിടെ ദാനിയേലിന് ആശീർവാദമായും, അനുഗ്രഹമായും ദൈവം പറയുന്നിടത്ത് 4 കാര്യങ്ങൾ കാണാം. ആദ്യ സ്ഥിരീകരണത്തിന്റെ വാക്കുകൾ. "ദാനിയേലേ ഭയപ്പെടേണ്ട". സകല മാനവരാശിയും, സൃഷ്ടിക്കപ്പെട്ട സകല പ്രപഞ്ചവും എന്റെ പരമാധികാരത്തിലിരിക്കുന്നു. "നീയോ പൊയ്ക്കൊൾക" വിശ്രമിക്ക അതാണ് ദൈവം എന്നോടും നിങ്ങളോടും പറയുന്നത്. മറ്റൊരു വാക്ക് വിട്ടയക്കുന്നതാണ് "അവസാനം വരുവോളം പൊയ്ക്കൊൾക". ദാനിയേൽ ഇപ്പോൾ ഏകദേശം 90 വയസ്സുള്ളവനാണ്. തന്റെ ഓട്ടം തികച്ചു തന്റെ പ്രവർത്തികൾ തികച്ചു ദൈവം ഇപ്പോൾ തന്റെ ദാസനെ വിശ്രമത്തിനായി അയക്കുന്നു. ദൈവം എത്ര മധുരകരമായാണ് കാര്യങ്ങൾ ക്രമീകരിക്കുന്നത്! "നീയോ പൊയ്ക്കൊൾക" ഈ വാക്ക് വിശ്രമത്തിന്റെയും സ്വാതന്ത്രത്തിന്റെതുമാണ്. അടുത്തത് പ്രതിഫലത്തിന്റെ വാക്കുകളാണ്. ''നീ വിശ്രമിക്കും'' കാലാവസാനത്തിങ്കൽ നിന്റെ ഓഹരി പ്രാപിപ്പാൻ എഴുന്നേറ്റ് വരും. നിന്റെ ഓഹരി എന്നതുകൊണ്ട് എന്ത് അർത്ഥമാക്കുന്നു? അത് ദൈവത്തിന്റെ ജനമായ ഇസ്രായേലിന് വേണ്ടി ദൈവം ആക്കിയിരിക്കുന്ന കാനാൻ അവകാശപ്പെടുത്തുന്നതാണ്. യോശുവായുടെ കാലത്ത് യോർദ്ദാൻ കടന്നു യിസ്രായേൽ അവരുടെ അവകാശം വാഗ്ദത്ത നാട്ടിൽ ലഭിക്കുവാൻ ചീട്ടിട്ടു. ദൂതൻ ദാനിയേലിനോട് പറയുന്നത് യിസ്രായേലിന് ഒരു പുനഃസ്ഥാപനം ഉണ്ടെന്നാണ്. ആ നാട് അവരുടെതാണ്, അന്ത്യകാലത്തെ മഹാനാശത്തിന് ശേഷം യിസ്രായേൽ അവരുടെ ദേശം കൈശമാക്കും ഒരോരുത്തരും അവരുടെ അവകാശത്തിലായിരിക്കും. യെഹൂദയ്ക്ക് തന്റെ അവകാശവും, എഫ്രിയിന് തന്റേതും ഒരോ ഗോത്രങ്ങൾക്കും അവരവരുടെ അവകാശങ്ങൾ ലഭിക്കും. മിഖായേൽ പറയുന്നത് ഒരോരുത്തരും അവരവരുടെ അത്തിവൃക്ഷത്തിൻ കീഴിലും ഒലിവുമരക്കിഴിലും ഇരിക്കും എന്നാണ്. ദാനിയേൽ യഹൂദാ ഗോത്രത്തിൽ പെട്ടവനായിരിക്കയാൽ യഹൂദയിലെ എവിടെയോ ഒരു ചെറും തോട്ടം, ഒരു ചെറിയ ഇടം, ഒരു ചെറിയ വസ്തു ഒരു ചെറിയ അവകാശം അത് ദാനിയേലിന് എന്നേക്കുമായിരിക്കും.


# പ്രത്യാശ തീരത്ത്

## ബ്രദർ ദാനിയേൽ തോലത്ത്



**എരുമപ്പെട്ടി:** എരുമപ്പെട്ടി സഭ അംഗമായ ബ്രദർ ദാനിയേൽ തോലത്ത് (84) മാർച്ച് 3 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ കുന്നംകുളം വി. നാഗൽ സെമിത്തേരിയിൽ നടത്തി.
**മക്കൾ:** ബ്രദർ റോയ് റ്റി. ഡി, സിസ്റ്റർ വിജി ജോൺ, ബ്രദർ റെജി റ്റി. ഡി., സുവി. ജോൺസൺ കെ. ഡി. സിസ്റ്റർ സാലി റോയ്, സിസ്റ്റർ പ്രിയ റെജി.

## ബ്രദർ സാമുവേൽ എം. ഷാൾ



**തിരുവനന്തപുരം:** ബ്രദർ ഷാൾ വർഗീസിന്റെയും സിസ്റ്റർ ദീപ ഷാളിന്റെയും മകൻ ബ്രദർ സാമുവേൽ എം. ഷാൾ (23) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രഷ തിരുവനന്തപുരം പരുത്തിപ്പാറയിലുള്ള ബ്രദറൺ സെമിത്തേരിയിൽ നടത്തി.

## ബ്രദർ സാമുവൽ എഡിക്കുല്ല




**ന്യൂയോർക്ക്:** ബ്രദർ സാമുവൽ എഡിക്കുല്ല (85) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ മാർച്ച് 15 നസ്സൗ നോർസ് സെമിത്തേരിയിൽ നടത്തി.
**ഭാര്യ:** പരേതയായ മേരി സാമുവൽ.
**മക്കൾ:** ബ്രദർ ജെയിംസ് സാമുവൽ & സിസ്റ്റർ ഷൈനി സാമുവൽ, ബ്രദർ ജസ്റ്റസ് സാമുവൽ & സിസ്റ്റർ സോഫിയ സാമുവൽ.

## സിസ്റ്റർ ഗ്രേസി തോമസ്



**ന്യൂയോർക്ക്:** ബ്രദർ തോമസ് സ്കറിയുടെ ഭാര്യ സിസ്റ്റർ ഗ്രേസി തോമസ് (82) മാർച്ച് 13 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ മാർച്ച് 17 ന് നടത്തി.
**മക്കൾ:** സിസ്റ്റർ മിനി & ബ്രദർ ബാഷു തോമസ്, സിസ്റ്റർ മില്ലി & ബ്രദർ രാജൻ തോമസ്, സിസ്റ്റർ മില്ലറ്റ് & ബ്രദർ പീറ്റർ അലക്സാണ്ടർ.

## ബ്രദർ കുര്യൻ കെ. തോമസ്



**മഴുകീർ:** മഴുകീർ ബ്രദറൺ പള്ളി അംഗം ബ്രദർ കുര്യൻ കെ. തോമസ് (79) മാർച്ച് 19 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ മഴുകീർ സഭാ സെമിത്തേരിയിൽ നടത്തി.

## സിസ്റ്റർ അന്നക്കുട്ടി ഐസക്ക്



**കോതമംഗലം:** കോതമംഗലം താലൂക്കിൽ കീരമ്പാറ പഞ്ചായത്ത് പുന്നേക്കാട് കരയിൽ നാരിയേലിൽ വീട്ടിൽ പരേതനായ ബ്രദർ എൻ പി ഐസ്കിന്റെ ഭാര്യ സിസ്റ്റർ അന്നക്കുട്ടി ഐസക് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.

## ബ്രദർ എബി സി. ആർ



**പൂമല:** പൂമല (വെസ്റ്റ്) ബ്രദറൺ അസംബ്ലി അംഗമായ ബ്രദർ എബി സി. ആർ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ പൂമലയിലെ പീസ് ഗാർഡൻ സെമിത്തേരിയിൽ നടത്തി.

## സിസ്റ്റർ ശാന്ത സുകുമാരൻ



**ഉഴവൂർ:** ഉഴവൂർ ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ ശാന്ത സുകുമാരൻ (66) മാർച്ച് 11 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ മാർച്ച് 17 ന് കൂത്താട്ടുകുളും ബ്രദറൺ അസംബ്ലിയുടെ സെമിത്തേരിയിൽ സംസ്കരിച്ചു.
**മക്കൾ:** ബ്രദർ സുനിൽ & സിസ്റ്റർ ജെമി സുനിൽ.

## സിസ്റ്റർ ഗ്രേസി നിനാൻ




**പുതുപ്പള്ളി:** പുതുപ്പള്ളി ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ ഗ്രേസി നിനാൻ (78) മാർച്ച് 13 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.
**മക്കൾ:** സിസ്റ്റർ നിസ്സി & ബ്രദർ ജോജി, സിസ്റ്റർ എമിലി & ബ്രദർ ലൈജു, പരേതരായ തോമസ് നിനാൻ & സിസ്റ്റർ അബിയ.

## ബ്രദർ എം. പി. വർഗീസ്




**ഭോപ്പാൽ:** ശിവാജി നഗറിലെ ബ്രദറൺ അസംബ്ലി ബ്രദർ എം. പി. വർഗീസ് (94) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഭോപ്പാലിലെ ഭാദ്ബദ സെമിത്തേരിയിൽ നടത്തി.
**ഭാര്യ:** സിസ്റ്റർ സിസ്റ്റർ കുഞ്ഞമ്മ വർഗീസ്.
**മക്കൾ:** സിസ്റ്റർ ഡോളി & ബ്രദർ സാം ആൽബർട്ട്, ബ്രദർ നോയൽ & സിസ്റ്റർ റൂബി വർഗീസ്, സിസ്റ്റർ ജോയ്സ് & ബ്രദർ കെ. ജി. സാം.

## ബ്രദർ ഇവ. ഇ. സാമുവേൽ



**ഉത്തർപ്രദേശ്:** ഇവ. ഇ സാമുവൽ (85) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.
**ഭാര്യ:** പരേതയായ മേരി സാമുവൽ
**മക്കൾ:** ബ്രദർ ജെയിംസ് സാമുവൽ & സിസ്റ്റർ ഷൈനി, ബ്രദർ ജസ്റ്റസ് സാമുവൽ & സിസ്റ്റർ സോഫി.

## ബ്രദർ ഷിബു തോമസ്



**ആലപ്പുഴ:** ബ്രദറൺ സഭയിലെ മൂപ്പന്മാരിൽ ഒരാളായ മേൽപ്പാടം ബ്രദർ ഷിബു തോമസ് (56) ഹൃദയാഘാതത്തെ തുടർന്ന് മാർച്ച് 16 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.
**ഭാര്യ:** സിസ്റ്റർ അനു ഷിബു.
**മക്കൾ:** മാസ്റ്റർ വിശാൽ ടോഷിബു.

## സിസ്റ്റർ മണിയമ്മാൾ



**ഈറോഡ്:** ഈറോഡിലെ ക്രിസ്ത്യൻ ബിലീവേഴ്സ് അസംബ്ലി അംഗം സിസ്റ്റർ മണിയമ്മാൾ (78) 8 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ മാർച്ച് 11 ന് ഈറോഡിലെ സ്വവസതിയിൽ സംസ്കരിച്ചു.
**മക്കൾ:** ബ്രദർ മണികണ്ഠൻ, ബ്രദർ കെ. പുഷ്പരാജ്, ബ്രദർ രവീൻ റോയർ.

## സിസ്റ്റർ ഏലിയാമ്മ ജോർജ്ജ്



**കടമ്പനാട്:** നോർത്ത് കടമ്പനാട് ബ്രദറൺ അസംബ്ലി അംഗം പരേതനായ ഇവാ. ജിയുടെ ഭാര്യ സിസ്റ്റർ ഏലിയാമ്മ ജോർജ്ജ് (73) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ മാർച്ച് 19 ന് കടമ്പനാട് നോർത്ത് ബ്രദറൺ അസംബ്ലിയുടെ തുവയൂർ സെമിത്തേരിയിൽ സംസ്കരിച്ചു.
**മക്കൾ:** സിസ്റ്റർ ഷേർളി, സിസ്റ്റർ ഷെറി ഡേവിഡ് & ബ്രദർ ഡേവിഡ് ജോഷ്വ.

## ബ്രദർ ബിദ്യാധർ മുന



**ബർഗർ:** ബർഗർ ബ്രദറൺ അസംബ്ലിയിലെ മൂപ്പൻ ബ്രദർ ബിദ്യാധർ മുന (73) കർത്തൃസന്നിധിയി ൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.

## സിസ്റ്റർ സാറാമ്മ പത്രോസ്




**ആഞ്ഞിലിത്താനം:** പാമല ബ്രദറൺ സഭാംഗമായ പാറത്തൊട്ടിയിൽ വീട്ടിൽ സിസ്റ്റർ സാറാമ്മ പത്രോസ് (90) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സ്വവസതിയിൽ നടത്തി.

## സിസ്റ്റർ മോളി ജോർജ്ജ്




**പോങ്ങുംമൂട്:** പോങ്ങുംമൂട് ഹെബ്രോൺ ക്രിസ്ത്യൻ അസംബ്ലി അംഗം ആലുവ ബ്രദറൺ അസംബ്ലി മുൻ അംഗം ഇവാ. ജോർജ്ജ് വർഗീസിന്റെ ഭാര്യ സിസ്റ്റർ മോളി ജോർജ്ജ് (73) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സഹോദരി ക്യാൻസർ ബാധിതയായിരുന്നു. ശവസംസ്കാര ശുശ്രൂഷ മാർച്ച് 14 ന് തിരുവനന്തപുരത്തെ പരുത്തിപ്പാറിലുള്ള ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.
**മക്കൾ:** ഡോ. സാം ജോർജ്ജ് & സിസ്റ്റർ ബെറ്റ്സി, ബ്രദർ ജോർജ്ജ് & സിസ്റ്റർ ജൂലൈ, ബ്രദർ ജെയിംസ് ജോർജ് & സിസ്റ്റർ ഗ്രേസ്, സിസ്റ്റർ ജെന്നിഫർ ഈപ്പൻ & ബ്രദർ ജോജി ഈപ്പൻ.

## ബ്രദർ സാനു കോശി



**റാന്നി:** വെച്ചൂച്ചിറയിലെ ക്രിസ്ത്യൻ ബ്രദറൺ പള്ളി അംഗം ബ്രദർ സാനു കോശി (65) മാർച്ച് 5 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.
**മക്കൾ:** സിസ്റ്റർ ലിൻസ അലക്സ് & ബ്രദർ അലക്സ് ചെറിയാൻ, ബ്രദർ കോഷി എം. സാനു & ബ്രദർ ബിബിൻ കോശി.

## ബ്രദർ എം. ജെ. പത്രോസ്



**മട്ടപ്പടത്ത്:** പനംകുഴി ബ്രദറൺ അംഗമായ അസംബ്ലി ഇവാ. എം. ജെ. പത്രോസ് (പാപ്പച്ചൻ–96) മാർച്ച് 6 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. അദ്ദേഹം നിരവധി ലേഖനങ്ങളും ഗാനങ്ങളും എഴുതിയ എഴുത്തുകാരനായിരുന്നു. ശവസംസ്കാര ശുശ്രൂഷ മാർച്ച് 7 ന് ക്രാരീയലിയിലെ പനംകുഴി ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു.
**ഭാര്യ:** പരേതയായ അന്നമ്മ പത്രോസ്.
**മക്കൾ:** ബ്രദർ ജേക്കബ്. ബ്രദർ ജോയ്, സിസ്റ്റർ മേരി, സിസ്റ്റർ ഏലിയാമ്മ.

Justin's Home
JUSTIN'S HOME
DISABILITY CENTER
Kaviyoor P. O Thiruvalla - 689582
Ph: 944 6513 555, 994 7119 040
justinshome@sathyam.org, sathyam.org

WE CARE FOR BODY AND SOUL




Specially Trained Teachers | Specially Doctors | Special Education
Qualified, Experienced & Committed Staff | Occupational Therapy
Special Attention to each Student | Extra Curricular Activities
Vocational Training & Counselling | Free Education & Care
Specially Designed Classrooms | Visiting Teachers from Abroad
School Bus Facility | Serene Campus | Innovative Curriculam
Physiotherapy | Speech Therapy | Attravtive Toys for children
Interactive Electronic Games (Wii) | Creative Play | Sensory Room
NIOS Examination | Guidance & Support for Parents | Music & Band
Audio Visual Aids | Well- Equipped Physio GYM | Workshop & Seminars

How can you be a Partner in the Works of JUSTIN'S HOME?
- Your Prayerand Support Needed for Someone Who is Special.
- Sponsor Childer's Orthotics and Mobility Aids.
- Sponsor the Purchase of School Bus.
- Donate Generously Towards the Purchase of Suitable Land for Various projects under Justin's home.
- Contributetoward the Development of Building and Infrastructure.

# പ്രാർത്ഥന – സഹായം

## പ്രാർത്ഥന അഭ്യർത്ഥന

### അങ്കമാലി

**അങ്കമാലി:** ഇവാ. ലിജോ വർഗീസ് & സിസ്റ്റർ ഷീബ ലിജോയ്ക്ക് വേണ്ടി പ്രാർത്ഥിക്കുക. 2025 മാർച്ച് 5 ന് രാവിലെ ഡോക്ടറുടെ അപ്പോയിന്റ്മെന്റിനായി പോകുന്നതിനിടെ അവരുടെ മോടോർ സൈക്കിൾ അപകടത്തിൽപ്പെട്ടു. അവരെ അങ്കമാലിയിലെ ലിറ്റിൽ ഫ്ലവർ ആശുപത്രിയിലേക്ക് കൊണ്ടുപോയി. ബ്രദർ ലിജോയുടെ സിടി സ്കാൻ നടത്തിയപ്പോൾ മുഖത്തെ ഒന്നിലധികം അസ്ഥി ഒടിവുകൾ കണ്ടെത്തി. അദ്ദേഹത്തെ ന്യൂറോ സർജറി വാർഡിൽ പ്രവേശിപ്പിച്ചു. സിസ്റ്റർ ഷീബാക്ക് ചെറിയ പരിക്കുകൾ മാത്രമേ സംഭവിച്ചിട്ടുള്ളു. ഇപ്പോൾ വീട്ടിൽ വിശ്രമിക്കുന്നു. ദൈവായി ഈ കുടുംബത്തിനായി വേഗത്തിലും പൂർണ്ണമായും സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

### വയനാട്

**വയനാട്:** കൃഷ്ണഗിരി ബ്രദറൺ അസംബ്ലിയുടെ സുവിശേഷകൻ വയനാട് വൈ. എം. ഈ. എഫ്. സെന്ററിന്റെ പ്രസിഡന്റ് ഇവാ. ജോസഫ് അഗസ്റ്റിൻ (ബാബു)വിനായി പ്രാർത്ഥിക്കുക. അദ്ദേഹത്തിന് ശ്വാസകോശ അർബുദം ബാധിച്ചും ചെറുകുടലിൽ ഒരു ട്യൂമറും ഉണ്ടെന്നെന്ന് ഡോക്ടർമാർ അറിയിച്ചു. കഴിഞ്ഞ മാസം 28 ന് കോഴിക്കോട് എം വി ആർ കാൻസർ റിസർച്ച് സെന്ററിൽ വെച്ച് ഒരു പെറ്റ് സ്കാൻ നടത്തിയിരുന്നു. അതിനു ശേഷം ശ്വാസകോശത്തിലും ചെറുകുടലിലും ഉണ്ടായ വളർച്ചകൾ നീക്കം ചെയ്യുന്നതിനായി ശസ്ത്രക്രിയ നടത്താൻ ഡോക്ടർമാർ അറിയിച്ചു. തുടർന്നും അദ്ദേഹത്തിന്റെ ചികിത്സയ്ക്കും പൂർണ്ണമായ രോഗശാന്തിക്കും വേണ്ടി പ്രാർത്ഥിക്കുക.

### മണർകാട്

**മണർകാട്:** ബ്രദർ വി. എം ജോസഫിനുവേണ്ടി പ്രാർത്ഥിക്കുക. അദ്ദേഹം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ക്രിട്ടിക്കൽ കെയർ ഐസിയുവിൽ കുടലിൽ ഒരു കീറൽ ഉണ്ടായിട്ടുണ്ട് അത് അണുബാധയേറ്റിട്ടുണ്ട്, ഒരു വൃക്കയുടെ പ്രവർത്തനം നിലച്ചു മറ്റേ വൃക്കയും തകരാറിലുമാണ്. ഡയാലിസിസ് ആരംഭിച്ചു. ചികിത്സ തുടരുന്നതിന് സാമ്പത്തിക സഹായം ആവശ്യമാണ്. വേഗത്തിലും പൂർണ്ണവുമായ രോഗശാന്തിക്കായി ദയവായി പ്രാർത്ഥിക്കുക.

### വടക്കെഞ്ചേരി

**വടക്കെഞ്ചേരി:** ഇവാ. ജയൻ ചെറസ്സറിക്കുവേണ്ടി പ്രാർത്ഥിക്കുക. ബ്രദർ ജയൻ മാർച്ച് 2 ന് ആരാധനയ്ക്കിടെ കുഴഞ്ഞുവീണു, തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിലെ കാർഡിയാക് വാർഡിൽ പ്രവേശിപ്പിച്ചു. രക്തസമ്മർദ്ദം ഉയർന്നതാണ്, ഉയർന്ന ക്രിയേറ്റിനിൻ അളവ് കാരണം ആൻജിയോഗ്രാം നടത്തുകയുള്ളുവെന്ന് റിപ്പോർട്ട് ചെയ്യുന്നു. നിലവിൽ ജീവൻ രക്ഷാ മരുന്നുകളുടെ സഹായത്തോടെ നിരീക്ഷണത്തിലാണ്. വേഗത്തിലും പൂർണ്ണമായും സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

### ഹിമാചൽ പ്രദേശ്

**ഹിമാചൽ പ്രദേശ്:** അനന്ത് സ്പ്രിംഗ് സ്കൂളിനു വേണ്ടി പ്രാർത്ഥിക്കുക. എട്ടാം ക്ലാസ് ബോർഡ് പരീക്ഷ ആരംഭിക്കുന്നതിനാലും തുടർന്ന് 3, 5 ക്ലാസുകളിലെ ബോർഡ് പരീക്ഷകൾ വരുന്നതിനാലും ഞങ്ങളുടെ സ്കൂൾ കുട്ടികൾ സ്കൂളിലെത്താൻ അവർക്ക് മഞ്ഞുവീഴ്ചയ്ക്ക് മുകളിലൂടെ നടന്ന് സിപ്പ് ലൈൻ വഴി നദി മുറിച്ചുകടക്കേണ്ടതുണ്ട്. അവരുടെ സുരക്ഷയ്ക്കും പരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനും വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്നതിനായി വിദ്യാഭ്യാസ ബോർഡ് വേനൽക്കാല അവധിയിൽ നിന്ന് ശൈത്യകാല അവധിയിലേക്ക് മാറ്റണമെന്ന് പ്രാർത്ഥിക്കുക. കനത്ത മഞ്ഞുവീഴ്ചയിൽ ഞങ്ങളുടെ സ്കൂൾ കെട്ടിടത്തിന്റെ മെറ്റൽ ഘടനയിലേക്ക് ഉയർന്ന തീവ്രതയുള്ള വയർ താഴേക്ക് പതിച്ചു, പക്ഷേ കെട്ടിടത്തിന് വൈദ്യുതാഘാതമേറ്റില്ല. മേൽക്കൂര സ്ഥാപിക്കാൻ കഴിയാത്തതിനാൽ, മഞ്ഞ് ലോഹ ഘടനയിൽ നിറഞ്ഞു, വയർ അതിൽ വീണു. വൈദ്യൂതി ബോർഡിനെ അറിയിക്കാൻ ശ്രമിച്ചെങ്കിലും അവരിൽ എത്താൻ കഴിഞ്ഞില്ല. വൈദ്യൂതി ഓൺ ചെയ്യാൻ തുടങ്ങുമ്പോഴാണ് സ്കൂൾ കെട്ടിടത്തിലെ ഉയർന്ന തീവ്രതയുള്ള വയർ പൊട്ടിവീണ വാർത്ത കൃത്യസമയത്ത് അവർക്ക് ലഭിച്ചത്. ദയവായി എല്ലാവരും തുടർന്നു പ്രാർത്ഥിക്കുക.

### ഛത്തീസ്ഗഢ്

**ഛത്തീസ്ഗഢ്:** കൊച്ചിയിലെ പഖഞ്ചോറിലെ ലൈഫ് അക്കാദമിയിൽ സേവനമനുഷ്ഠിക്കുന്ന സഹപ്രവർത്തകരായ ബ്രദർ ജിജോയ്ക്കും ഭാര്യ സിസ്റ്റർ മമതയ്ക്കും വേണ്ടി പൂർണ്ണസൗഖ്യത്തിനായി പ്രാർത്ഥിക്കുക. സിസ്റ്റർ മമത ശ്വാസതടസ്സം മൂലം ഗുരുതരാവസ്ഥയിലാണ്. പൾസ് ഇല്ലാത്തതിനാൽ റായ്പൂരിലെ എയിംസിൽ എത്തിച്ചെങ്കിലും സിപിആറിന് ശേഷം പുനരുജ്ജീവിപ്പിച്ചു. തുടർന്നു അവർ അബോധാവസ്ഥയിലും വെന്റിലേറ്ററിലാണ്. ചലനശേഷി പരിമിതമാണ്. സ ഹോദരിക്കു ബി പി സ്ഥിരമാണെങ്കിലും ഹൃദയമിടി പ്പ് ചാഞ്ചാടുന്നു, തലച്ചോറിന് കേടുപാടുകൾ സംഭവിച്ചതായി ഡോക്ടർമാർ അറിയിച്ചു. ഇപ്പോൾ സഹോദരിക്ക് ട്രാക്കിയോസ്റ്റമി ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ എം ആർ ഐ സ്കാൻ ചെയ്തു. സഹോദരി മമത 2024 ജൂലൈ മുതൽ മയസ്തീനിയ ഗ്രാവിസും സിക്കിൾ സെൽ അനീമിയയും എന്ന അസുഖം മൂലം കഴിഞ്ഞ രണ്ട് മാസത്തിൽ ഭൂരിഭാഗവും വെന്റിലേറ്ററി ൽ ഐസിയുവിൽ ആയിരുന്നു. എന്നിരുന്നാലും ദൈവകൃപയാൽ ഡിസംബറിൽ അവർക്ക് അത്ഭുതകരമായി സുഖ പ്രസവം നടന്നു. ദയവായി മമതക്ക് പൂർണ്ണമായ രോഗശാന്തിക്ക് പ്രാർത്ഥിക്കുക.

### ബ്രദർ എബ്രഹാം മത്തായി എടത്വ

**എടത്വ:** ബ്രദർ എബ്രഹാം മത്തായിക്കുവേണ്ടി പ്രാർ ത്ഥിക്കുക. ബ്രദർ എബ്രാഹം മത്തായി കഴിഞ്ഞ 3–4 മാസങ്ങളിലായി പ്രാരംഭ ചികിത്സ പ്രക്രിയക്ക് വിധേയനാവുകയും 25 റേഡിയേഷനുകൾ, ഓറൽ കീമോയും, കീമോ ഇൻജക്ഷനുകളും ചെയ്തു. നവംബർ 2024 ൽ അദ്ദേഹത്തിന് ഒരു ശസ്ത്രക്രിയയും നടത്തുകയും ബാധിച്ച ഭാഗങ്ങൾ നീക്കം ചെയ്തു. കൊളോസ്റ്റമി ബാഗ് നീക്കം ചെയ്യുന്നതിനായി 2025 ജനുവരിയിൽ ഒരു ശസ്ത്രക്രിയ നടത്തണ്ടതായിരുന്നു. എന്നാൽ കുടലിനുള്ളിലെ മുൻ ശസ്ത്രക്രിയയുടെ മുറിവ് പൂർണ്ണമായും ഭേദമാകാത്തതിനാൽ ശസ്ത്രക്രിയ നടന്നില്ല. ഇപ്പോൾ മാർച്ച് 18 ന് സിടി സ്കാൻ ചെയ്യാൻ ഡോക്ടർമാർ അറിയിച്ചു. കൂടാതെ അദ്ദേഹത്തിന്റെ ഭാര്യ സിസ്റ്റർ റോസമ്മ സ്തനാർബുദത്തിന് ചികിത്സയിൽ കഴിയുന്നു. അവർ കുറച്ചു കാലം മുമ്പ് ഒരു ശസ്ത്രക്രിയയക്ക് വിധേയയായിരുന്നു. ഈ കുടുംബത്തിനു വേണ്ടി പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

(തുടർച്ച പേജ് 1)....

ഈ ദിവസങ്ങളിൽ തന്നെ ബൈബിൾ ക്ലാസ്സ്, ഗ്രൂപ്പ് സ്റ്റഡി, വചനധ്യാനം, ഗ്രൂപ്പ് പ്രാർത്ഥന, ഗാനഭ്യസനം, ടാലന്റ് ടൈം, പ്രായോഗിക നിർദ്ദേശങ്ങൾ, സാക്ഷ്യം മുതലായ അനുഗ്രഹീത പരിപാടികൾ ഉണ്ടായിരിക്കുന്നതാണ്. വചന പരിജ്ഞാനവും കൃപാവരവുമുള്ള സഹോദരിമാർ ശുശ്രൂഷകൾക്കും ക്യാമ്പിലെ ക്രമപരിപാലനങ്ങൾക്കും ചുമതല വഹിക്കുന്നതാണ്. ഏപ്രിൽ 12 ശനി രാവിലെ 9.00 മുതൽ ഉച്ചക്ക് 12.00 വരെ സമാപന സമ്മേളനവും നടത്തപ്പെടും. സുവിശേഷകൻ ജോസ് മാത്യു (തടിയൂർ) അദ്ധ്യക്ഷൻ വഹിക്കും. സുവി. റജി കെ. തോമസ് (നെല്ല്യാടി) പ്രസംഗിക്കുകയും ചെയ്യും. ഗ്രൂപ്പ് ലീഡേഴ്സായി ശു ശ്രൂഷിപ്പാൻ കൃപാവരമുള്ള സഹോദരിമാരെ സ്വാഗതം ചെയ്തു കൊള്ളുന്നു. പ്രാർത്ഥനാപൂർവ്വം വന്നുചേരുക. എല്ലാ ദൈവമക്കളുടെയും പ്രാർത്ഥനയും സഹകരണവും കർതൃനാമത്തിൽ അഭ്യർത്ഥിച്ചു കൊള്ളുന്നു. ക്യമ്പ് ഫീസ് ഉണ്ടായിരിക്കുന്നതല്ല. ക്യാമ്പ് അംഗങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുന്നതാണ്. എല്ലാ ക്രിസ്തീയ വിഭാഗത്തിൽപ്പെട്ട യുവസഹോദരിമാർക്കും ക്യാമ്പിൽ സംബന്ധിക്കാവുന്നതാണ്. ക്യാമ്പിൽ താമസിക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, കിടക്ക മുതലായവ കരുതിക്കൊള്ളണം. ഭക്ഷണം കഴിക്കുന്നതിനുള്ള പ്ലേറ്റ് കൊണ്ടുവരേണ്ടതില്ല. പ്രവേശനം 12 വയസിനുമേൽ പ്രായമുള്ള യുവസഹോദരിമാർക്ക് പകൽ കൂടിവരവുകളിൽ എല്ലാ സഹോദരിമാർക്കും സംബന്ധിക്കാം.

## പ്രാർത്ഥനക്ക് നന്ദി


**മധുരൈ:** ഇവാ. ശിവലിംഗവും കുടുംബവും ഫെബ്രുവരി 9 ന് മോട്ടോർ സൈക്കിൾ അപകടത്തിൽപ്പെട്ടു. ഗുരുതരമായി പരിക്കേറ്റ വെന്റിലേറ്ററിലായിരുന്നു. ഇപ്പോൾ ഡിസ്ചാർജ് ചെയ്യപ്പെട്ടു. അദ്ദേഹത്തിന് ശസ്ത്രക്രിയയ്ക്കിടെ തലയോട്ടിയിലെ ഒടിവ് നന്നാക്കാൻ നാല് പ്ലേറ്റുകൾ ഉപയോഗിച്ചു. അടുത്ത മൂന്ന് മാസത്തേക്ക് ദ്രാവക ഭക്ഷണക്രമത്തിൽ തുടരും. കൂടാതെ തുടർ ചികിത്സയ്ക്കായി ആശുപത്രിയിൽ പോകേണ്ടിവരും. ഈ കുടുംബത്തിനുവേണ്ടി എല്ലാവരും പൂർണ്ണ ഹൃദയത്തോടെ പ്രാർത്ഥിക്കുകയും പിന്തുണയ്ക്കുകയും ചെയ്തതിനു ഇവാ. ശിവലിംഗവും കുടുംബവും ഹൃദയംഗമായ നന്ദിയും സ്നേ ഹവും അറിയിക്കുന്നു. തുടർന്നും പ്രാർത്ഥിക്കുക.

### മുളന്തുരുത്തി

**മുളന്തുരുത്തി:** ബ്രദർ ഷാരോൺ സാബുവിനു വേണ്ടി പ്രാർത്ഥിക്കുക. ബ്രദർ ഷാരോൺ ശ്വാസകോശസം ബന്ധമായ അസുഖത്തെ തുടർന്ന് ബാംഗ്ലൂരിലെ സെന്റ് ജോൺസ് ആശുപത്രിയിൽ ഡൗൺ സിൻഡ്രോം ബാധിച്ച് ഐസിയുവിൽ വെന്റിലേറ്ററിലായിരുന്നു, ഇപ്പോൾ അദ്ദേഹം ആശുപത്രിയിൽ നിന്ന് വീട്ടിൽ വിശ്രമത്തിലാണ്. അദ്ദേഹത്തിന്റെ ഭാര്യ സിസ്റ്റർ റോസമ്മക്ക് ഡയാലിസിസ് ആവശ്യമായിരുന്നു. ഇപ്പോൾ നിരന്തരമായ പരിചരണം ആവശ്യമാണ്. ഈ കുടുംബത്തിനുവേണ്ടി എല്ലാവരും പൂർണ്ണഹൃദയത്തോടെ പ്രാർത്ഥിക്കുകയും പിന്തുണയ്ക്കുകയും ചെയ്തതിനു ബ്രദർ ഷാരോൺ കുടുംബവും എല്ലാവരോടും നന്ദി അറിയിക്കുന്നു. തുടർന്നും പ്രാർത്ഥിക്കുക.

### ബ്രദർ കെ. ജെ. ജോർജ്, കോവിലൂർ

**കോവിലൂർ:** ബ്രദർ കെ. ജെ. ജോർജിനു വേണ്ടി പ്രാർത്ഥിക്കുക. ബ്രദർ ജോർജിനു വൃക്ക സംബന്ധമായ ചില പ്രശ്നങ്ങൾ കാരണം മാർച്ച് 8 ന് വൃക്ക നീക്കം ചെയ്യാനായി ശസ്ത്രക്രിയ്ക്ക് വിധേയനായി. ശേഷം ഒരു ബയോപ്സി ശുപാർശ ചെയ്തിട്ടുണ്ട്. വിജയകരമായ ശസ്ത്രക്രിയ്ക്കും അനുകൂലമായ ബയോപ്സി ഫലത്തിനും വേണ്ടി പ്രാർത്ഥക്കുക.



## ബൈബിൾ ക്ലാസ് പുത്തൻകാവ്

**പുത്തൻകാവ്:** 2025 മാർച്ച് 7,8,9 (വെള്ളി, ശനി, ഞായർ) എന്നീ ദിവസങ്ങളിൽ പുത്തൻകാവ് ബ്രദറൺ അസംബ്ലി ഹാളിൽ വെച്ച് ബൈബിൾ ക്ലാസുകൾ നടത്തപ്പെട്ടു. "സുവിശേഷത്തിന് യോഗ്യമാം വണ്ണം മാത്രം നടപ്പിൻ എന്നതായിരുന്നു വിഷയം." മാർച്ച് 7 വെള്ളി വൈകിട്ട് 6.30 മുതൽ 8.15 വരെയാണ് ക്ലാസ് നടത്തിയത്. 8 ശനിയാഴ്ച രാവിലെ 10 മുതൽ 11.30 വരെ പിന്നിട് വൈകിട്ട് 6.30 മുതൽ 8.15 വരെ ക്ലാസ് ഉണ്ടായിരുന്നു. 9 ഞായർ രാവിലെ ആരാധന യോഗത്തിന് ശേഷം 11.15 മുതൽ 12.30 വരെ വചന ശുശ്രൂഷ നടത്തപ്പെട്ടു. ഇവ. ജെയിംസ് എം തോമസാണ് ക്ലാസുകൾ നയിച്ചത്.

### ഏഴാം ഗ്രാജ്വേഷൻ സർവീസ് കല്ലിശ്ശേരി

**കല്ലിശ്ശേരി:** ഏഴാം ഗ്രാജ്വേഷൻ സർവീസ് ബ്രദറൺ തിയോളജിക്കൽ കോളേജ് 2025 മാർച്ച് 28 വെള്ളിയാഴ്ച ബിബിസി ഓഡിറ്റോറിയത്തിൽ വെച്ച് വൈകിട്ട് 6 മണി മുതൽ 8.30 വരെ നടത്തപ്പെടും. മുഖ്യപ്രഭാഷണം ഡോ. പി. സി. എബ്രഹാം നയിക്കും. കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

Contact: +91 9947193528, 9446004619
bfckallissery2011@gmail.com

### സുവിശേഷ പ്രസംഗവും സംഗീത ശുശ്രൂഷയും

**മണലി:** മണലി ബ്രദറൺ സഭ ക്രമീകരിക്കുന്ന സുവിശേഷ പ്രസംഗവും സംഗീത ശുശ്രൂഷയും 2025 സെപ്റ്റംബർ 25 മുതൽ 28 വരെ നടത്തപ്പെടും. സുവി. പി.ജി. ജെയിംസ് (തണ്ണിത്തോട്), സുവി. റ്റി. പി. കനകരാജ് (ബാലരാമപുരം), സുവി. ചാണ്ടപ്പിള്ള ഫിലിപ്പ്(കോട്ടയം) എന്നിവരാണ് പ്രസംഗകർ. ബ്രദർ ഷാജു നാരായണൻ (ചണ്ണപ്പേട്ട), ബ്രദർ ജെയ്സൺ ജോർജ് (കൊട്ടാരക്കര) എന്നിവരാണ് ഗാനശുശ്രൂഷ നിർവ്വഹിക്കുന്നത്.

### ഏകദിന പ്രവർത്തനം എരുമേലി

**എരുമേലി:** ശബരിമാങ്കൽ ബ്രദറൺ എസ്. പി. എസ്. എഫിന്റെ ചുമതലയിൽ എരുമേലി-പൊര്യൻമല ബ്രദറൺ സഭയുടെ സഹകരണത്തിൽ നടക്കുന്ന ഏകദിന പ്രവർത്തനം 2025 മാർച്ച് 15 ശനിയാഴ്ച നടത്തപ്പെട്ടു. രാവിലെ 9.30 മുതൽ 12.30 വരെ ഭവനസന്ദർശനവും, ഉച്ചക്ക് 2.30 മുതൽ 3.30 വരെ ബൈബിൾ ക്ലാസ്സുകളും പ്രാർത്ഥനയും, വൈകിട്ട് 4.00 മണി മുതൽ 5.00 വരെ പരസ്യയോഗവും വൈകിട്ട് 6.00 മണി മുതൽ 8.00 വരെ സുവിശേഷയോഗം നടത്തപ്പെട്ടു. സുവി. എം. എൽ ജോൺ വചനശുശ്രൂഷയും നിർവ്വഹിച്ചു.

### 17-ാമത് തിരുവചന പ്രഘോഷണവും സംഗീതവിരുന്നും

**കാർത്തികപ്പള്ളി:** 17-ാമത് തിരുവചന പ്രഘോഷണവും സംഗീതവിരുന്നും കാപ്പിൽ കിഴക്ക് ബ്രദറൺ സഭാങ്കണത്തിൽ വെച്ച് നടത്തപ്പെടും. 2025 ഏപ്രിൽ 10, 11, 12 (വ്യാഴം മുതൽ ശനി വരെ) ദിവസവും വൈകിട്ട് 6.30 മുതൽ 9.00 വരെയാണ് തിരുവചന പ്രഘോഷണവും സംഗീതവിരുന്നും നടത്തപ്പെടും. സുവി. സജീവ് വർഗ്ഗീസ് പുതുപ്പള്ളി, സുവി. തോംസൺ. ബി. തോമസ് മുംബൈ, സുവി. എബി. കെ. ജോർജ് മല്ലശ്ശേരി എന്നിവരാണ് പ്രസംഗകർ. സുവി. ആലിച്ചൻ ആന്റണി & ടീം ഗാനശുശ്രൂഷ നിർവ്വഹിക്കും. ഏപ്രിൽ 10,11 എന്നീ തീയതികളിൽ പരസ്യയോഗങ്ങളും, ഭവനസന്ദർശനവും, ഏപ്രിൽ 12 ശനിയാഴ്ച തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പും ഉണ്ടായിരിക്കുന്നതാണ്.

### മാതാപിതാക്കൾക്കും മുത്തശ്ശിമാർക്കും ക്ലാസ്

**കുന്നംപ്പാറ:** ട്രിവാൻഡ്രം ബ്രദറൺ യൂത്ത് ഫെലോഷിപ്പും കുന്നംപ്പാറ ബ്രദറൺ സഭയും സംയുക്തമായി ഒരുക്കുന്ന മാതാപിതാക്കൾക്കും മുത്തശ്ശിമാർക്കും മാത്രം പ്രവേശന ക്ലാസ് 2025 ഏപ്രിൽ 14 തിങ്കൾ രാവിലെ 9.00 മുതൽ വൈകിട്ട് 4.30 വരെ കുന്നംപ്പാറ ബ്രദറൺ സഭാഹാളിൽ വെച്ച് നടത്തപ്പെടും. സുവി. ബിനു ശാമുവേൽ, സുവി. ബെൻസിക് മിറാൻഡ എന്നിവരാണ് ക്ലാസ്സുകൾ നയിക്കുന്നത്. 50 ഫാമിലികൾക്ക് മാത്രം സീറ്റ് പ്രവേശനം ഉള്ളു. രജിസ്ട്രേഷനുള്ള QR കോഡ് താഴെ കൊടത്തിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
സുവി. എസ് ജി. ഗിൽബെർട്ട്-9400688756
സുവി. ജോളി കെ ജി.-9747747645
സുവി. ഗോഡ്സൺ പി. എസ്. 9633816555.

### ആത്മീയ പ്രഭാഷണവും സംഗീതവിരുന്നും

**അടൂർ:** അടൂർ സുവിശേഷാലയത്തിന്റെ ചുമതലയിൽ 2025 മാർച്ച് 29 ശനി വൈകിട്ട് 6.30 മുതൽ 8.30 വരെ എബനേസർ ഭവനാങ്കണം ഹൈസ്കൂൾ ജംഗ്ഷനിൽ ആത്മീയ പ്രഭാഷണവും സംഗീതവിരുന്നും നടത്തപ്പെടുന്നു. ബ്രദർ പി. ജി. ജെയിംസ് ഇലന്തൂർ ആണ് സന്ദേശം നൽകുന്നത്. ബ്രദർ ബൈജു ബാലരാമപുരം, ബ്രദർ ഷൈൻ ജോസ് എന്നിവരാണ് ഗാനശുശ്രൂഷ നിർവ്വഹിക്കുന്നത്.

## 16-ാമത് സുവിശേഷ മഹായോഗവും സംഗീതവിരുന്നും

**വാരേണിക്കൽ:** സംഗീത സായാഹ്നവും വചനഘോഷണവും വാരേണിക്കൽ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന 16-ാമത് സുവിശേഷമഹായോഗവും സംഗീതവിരുന്നും വാരേണിക്കൽ ബ്രദറൺ സഭാങ്കണത്തിൽ വെച്ച് ഏപ്രിൽ 6 ഞായർ മുതൽ 9 ബുധൻ വരെ വൈകിട്ട് 6 മണി മുതൽ 9 വരെ നടത്തപ്പെടും. ഇവ. ചാണ്ടപ്പിള്ള ഫിലിപ്പ്, പി.ജി ജെയിംസ്, ഡോ. കെ. സി. ജോൺസൺ, ഇവാ. ജോൺസൺ ലാസർ എന്നിവരാണ് പ്രസംഗകർ. കൂടാതെ കുട്ടികൾക്കായുള്ള വി.ബി.എസ്. ഏപ്രിൽ 7,8,9 എന്നീ തീയതികളിൽ രാവിലെ 8.30 മുതൽ 12. വരെ നടപ്പെടുന്നു. ബ്രദർ ജെയ്സൺ കെ. ജോർജ്ജ് കൊട്ടാരക്കര, ബ്രദർ ബാബു ഓടനാവട്ടം, ബ്രദർ ബൈജു ബാലരാമപുരം, സാമുവൽ പന്തളം, ഡോറോൺ ധർമ്മരാജ് എന്നിവരുടെ ഗാനശുശ്രൂഷ ഉണ്ടായിരിക്കും.

### ട്രിവാൻഡ്രം ഗോസ്പൽ മീറ്റ് 2025

**കാട്ടാക്കട:** പ്രാദേശിക ബ്രദറൺ സഭകളുടെ സഹകരണത്തിൽ നടത്തപ്പെടുന്ന ട്രിവാൻഡ്രം ഗോസ്പൽ മീറ്റ് 2025 മെയ് 1 വ്യാഴം മുതൽ 4 ഞായർ വരെ ക്രിസ്ത്യൻ കോളേജ് കാട്ടാക്കട മൈതാനത്തിൽ വെച്ച് വൈകുന്നേരം 6 മണി മുതൽ 9 മണി വരെ നടത്തപ്പെടും. സുവി. ചാണ്ടപ്പിള്ള ഫിലിപ്പ്(കോട്ടയം), സുവി. റ്റി. പി. കനകരാജ് (ബാലരാമപുരം), സുവി. ബിജു കെ. ആലടി( ഇടുക്കി), സുവി. സണ്ണി തോമസ്(തിരുവനന്തപുരം) എന്നിവരാണ് പ്രസംഗകർ. ട്രിവാൻഡ്രം ബ്രദറൺ ക്വയർ, പ്രശസ്ത കീബോർഡിസ്റ്റ് ഗാനശുശ്രൂഷ ഉണ്ടായിരിക്കും. ബ്രദർ രാജേഷ് അരുമന, നേതൃത്വം നൽകും.

### ബ്രദറൺ കൺവൻഷൻ 2025 പത്തനംതിട്ട

**പത്തനംതിട്ട:** ദൈവതിമായാൽ പത്തനംതിട്ട സുവിശേഷാലയത്തിന്റെ ചുമതലയിലും, പ്രാദേശിക ബ്രദറൺ സഭകളുടെ സഹകരണത്തിലും 2025 ഡിസംബർ 21 ഞായർ മുതൽ 28 ഞായർ വരെ നടത്തപ്പെടുന്ന കൺവൻഷന്റെ അനുഗ്രഹത്തിനായുള്ള മാർച്ച് മാസത്തെ പ്രാർത്ഥനാ യോഗം. മാർച്ച് 16 ന് ഞായറാഴ്ച 3.30 മുതൽ മൈലപ്ര സഭയുടെ ആഭിമുഖ്യത്തിൽ പ്രസ്തുത സഭാ ഹാളിൽ വച്ച് നടത്തപ്പെട്ടു. അന്നേ ദിവസം സുവിശേഷകൻ ജോർജ് കോശി ദൈവവചന ശുശ്രൂഷ നിർവ്വഹിച്ചു.

### ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് പത്തനംതിട്ട

**പത്തനംതിട്ട:** ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് പുതിയ ബാച്ച് 2025 മെയ് 2 ന് ആരംഭിക്കും. ദൈവവേലക്ക് സമർപ്പിച്ചവർ ദൈവവിളിയുള്ളവരുമായ ആളുകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. മൂന്നു തലങ്ങളിൽ ആയാണ് ക്ലാസ്സുകൾ നടക്കുന്നത്. റസിഡൻഷ്യൽ പ്രോഗ്രാമിനുള്ള ഓൺലൈനിൽ അപേക്ഷിക്കാവുന്ന അവസാന തീയതി ഏപ്രിൽ 10 നാണ്. വിദൂര വിദ്യാഭ്യാസത്തിനുള്ള അപേക്ഷകൾ വർഷം മുഴുവനും സമർപ്പിക്കാം. B. Th, M.B.S., M.Div, M.Th., എന്നിവയിൽ നോർമൽ ക്ലാസ്സുകളും B.B.S, M.B.S., M.Div, M.Th., എന്നിവയിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകളും ഉണ്ടായിരിക്കും. ദൈവീക ദർശനം ഉള്ള ഒരു തലമുറയെ ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ ദൈവവചനവും ആയി അയക്കുക എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. പ്രീഡിഗ്രി കഴിഞ്ഞ ശേഷം ദൈവീക വിദ്യാഭ്യാസത്തിനായി ആഗ്രഹിക്കുന്നവർക്കും കുടുംബമായി താമസിക്കുന്നവർക്കും കോഴ്സുകളിൽ അപേക്ഷ സമർപ്പിക്കാം. ATA മെമ്പർഷിപ്പോടുകൂടി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ പ്രത്യേകതയിൽ സാങ്കേതിക വിദ്യാഭ്യാസങ്ങളുടെ ഉപയോഗവും എല്ലാവിധ പഠനസൗകര്യങ്ങളും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

Roy Mathew (President)- +91 9447290100,
Dr. K.C. Johnson (Principal)- +91 9447265500,
O.T. Cheriyan(Secretary)- +91 9961318605,
Sunny T. Philip (Academic Director)- +91 9072303161.

### ഗാനസന്ധ്യയും സുവിശേഷ യോഗവും

**മഹാഗണി:** ചല്ലിമുക്ക് മഹാഗണി ബ്രദറൺ ചർച്ചിന്റെയും ഗ്രാമ സുവിശേഷീകരണ പ്രവർത്തനത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 2025 ഏപ്രിൽ 7,8 (തിങ്കൾ, ചൊവ്വ) എന്നീ തീയതികളിൽ വൈകിട്ട് 6.00 മുതൽ 8.30 വരെ സുവിശേഷ യോഗം മഹാഗണി ബ്രദറൺ മൈതാനത്തിൽ വെച്ച് നടത്തപ്പെടും. സുവി. ശ്രീകുമാർ കീരിക്കൽ(പത്തനാപുരം), സുവി. ജോൺ വർഗ്ഗീസ് (കൊട്ടാരക്കര) എന്നിവരാണ് പ്രസംഗകർ. ഗാനശുശ്രൂഷ ബ്രദർ ഷാജു ചണ്ണപ്പേട്ട & ടീം നയിക്കും. കൂടതൽ വിവരങ്ങൾക്ക്-9400292418, 9495190361.

## സുവിശേഷ യോഗം

**നെടുപ്പറമ്പ്:** കലഞ്ഞൂർ ബ്രദറൺ ക്രിസ്ത്യൻ ചർച്ചിന്റെയും ഗ്രാമ സുവിശേഷീകരണ പ്രവർത്തനത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 2025 ഏപ്രിൽ 11, 12 (വെള്ളി, ശനി) എന്നീ തീയതികളിൽ വൈകിട്ട് 6 മുതൽ 8.30 വരെ നെടുപ്പറമ്പ് കുരിശടി ജംഗ്ഷൻ എഴിപ്പുര പുരയിടത്തിൽ വെച്ച് സുവിശേഷയോഗം നടത്തപ്പെടും. സുവി. സജി. എ. ജോൺ (മല്ലശ്ശേരി), സുവി. മോൻസൻ ഐസക്ക് (തൃശൂർ) എന്നിവരാണ് പ്രസംഗകർ. ജോൺലി ചാൾസ് & ടീം ഒരുക്കുന്ന ഗാനശുശ്രൂഷ ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 8281829000, 9495190361.

### ടീൻസ് ക്യാമ്പ്

**പുത്തൻകാവ്:** 2025 മാർച്ച് 31 മുതൽ ഏപ്രിൽ 4 വരെ എസ്. ബി. എസ്. ക്യാമ്പ് സെന്റർ, പുത്തൻകാവ് അവതരിപ്പിക്കുന്ന ടീൻസ് ക്യാമ്പ് നടത്തപ്പെടുന്നു. 2025 മാർച്ചിൽ പരീക്ഷ എഴുതുന്ന 9,10,11,12 ക്ലാസ്സിലെ കുട്ടികൾക്ക് മാത്രം രജിസ്റ്റർ ചെയ്യുന്നതിന് ക്യൂആർ കോഡ് സ്കാൻ ചെയ്യുക. കൂടാതെ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 250 പേർക്ക് പ്രവേശനം ഉണ്ടായിരിക്കും. ക്യാമ്പിന്റെ ഫീസ് 400 രൂപയാണ്. കൂടുതൽ വിവരങ്ങൾക്ക് എസ്. ബി. എസ്. ഓഫീസുമായി ബന്ധപ്പെടുക. 9961499749 9495143026

### ഗോസ്പൽ മ്യൂസിക്കൽ ഈവനിംഗ്

**ആറന്മുള:** 2025 ഏപ്രിൽ 26 ശനിയാഴ്ച വൈകുന്നേരം 6 മുതൽ 8.30 വരെ ഗോസ്പൽ മ്യൂസിക്കൽ ഈവനിംഗ് ഇടശ്ശേരിമല ബ്രദറൺ ചർച്ച് ആറന്മുളയിൽ വെച്ച് നടത്തപ്പെടും. ഇവാ. ജോർജ്ജ് മാത്യു വചന ശുശ്രൂഷ നിർവ്വഹിക്കും. ബ്രദർ ജോഷ മനോജ്ജും സിസ്റ്റർ രൂത്ത് മനോജ്ജും എന്നിവരുടെ ഗാനശുശ്രൂഷയും ഉണ്ടയിരിക്കും.

### കൊട്ടാരക്കര ബ്രദറൺ കൺവൻഷൻ

**കൊട്ടാരക്കര:** ദൈവഹിതമായാൽ കൊട്ടാരക്കര ബ്രദറൺ കൺവൻഷൻ 2026 ജനുവരി 12 മുതൽ 18 വരെ നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഇവാ. പി. സി. വർഗീസ്, ഇവാ. സാം കെ. ജോൺ, ഇവാ. സജീവ് വർഗീസ്, ഇവ ജോൺ പി തോമസ്, ഇവാ. ചാണ്ടപ്പിള്ള ഫിലിപ്പ് എന്നിവരാണ് പ്രസംഗകർ.

### വി ബി എസ് ക്യാമ്പ്

**ചെങ്ങന്നൂർ:** വി ബി എസ് 2025 സുവിശേഷ ബാലസംഘം മെറ്റാമോർഫോസ് മാർച്ച് 21ന് എസ് ബി എസ് ക്യാമ്പ് സെന്റർ പുത്തൻകാവ് വെച്ച് നടത്തപ്പെട്ടു. വി ബി എസ് പരിശീലനവും മെറ്റീരിയൽ വിതരണവും ഉണ്ടായിരുന്നു.

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

യേശുവിന്റെ ജീവവചനം
YESUVINTE JEEVAVACHANAM
അക്ഷരത്തിലൂടെ ആത്മാക്കൾ

Date of Publications : 25.03.2025
RNI Reg. No. KERMAL/2012/42077
Postal Reg.No:KL/TLA/236/2024-26
Licence No :KL/TLA/WPP/192/2024-26

# തമിഴ്നാട്ടിൽ സത്യ സുവിശേഷം

ദൈവത്തിന്റെ അളവറ്റ കൃപ ധാരാളം അനുഭവിക്കുവാൻ ചിന്നസേലത്തെ പ്രവർത്തനത്തിലും സാധിച്ചു തുടർന്നു മേഘം ഉയർന്നതനുസരിച്ച് നിലക്കൊട്ടയിലേക്ക് മാറി. 2015 അവസാനം വരെ നിലക്കൊട്ടയിലും കൊടൈക്കനാലിലും പരിസരപ്രദേശങ്ങളിലും പ്രവർത്തിച്ചു. ദൈവഹിതം വീണ്ടും വെളിപ്പെട്ടതിനാൽ 2015 അവസാനത്തോടെ തിരുവനന്തപുരത്തിന്റെയും കന്യാകുമാരിയുടെയും അതിർത്തിപ്രദേശമായ കുന്നത്തുകാൽ എത്തി. കുന്നത്തുകാലിൽ താമസിച്ച് കന്യാകുമാരി ജില്ലയിലെ ഇടയ്ക്കോട്, മഞ്ഞാലുംമൂട്, മൊഴുക്കോട്, തളിയൽ, കളിയിക്കാവിള, മാർത്താണ്ഡം, കുഴിത്തുറ മുതലായ സ്ഥലങ്ങളിലെല്ലാം ഭവനങ്ങൾ സന്ദർശിച്ച് സത്യ സുവിശേഷം അറിയിച്ചശേഷം ഇപ്പോൾ ടീം നെയ്യാറ്റിൻകരയിൽ ആണുള്ളത്. കർണാടകത്തിലേതിനു സമാനമായ അതായത് അമ്പതും നൂറും വർഷം പിന്നിലുള്ള ഗ്രാമങ്ങൾ ചിന്നസേലത്തും ആത്തൂരും കള്ള കുറിച്ചിയിലും നിലക്കോടയിലും ഒക്കെ കാണാൻ കഴിഞ്ഞെങ്കിൽ തിരുവനന്തപുരം കന്യാകുമാരി പ്രദേശങ്ങളിൽ ദുരുപദേശക്കാരായ സുവിശേഷവിഹിത വിവിധ വിഭാഗങ്ങളെ ധാരാളമായി കാണുവാൻ കഴിഞ്ഞു. അതുകൊണ്ട് തമിഴ്നാടിന്റെ ആവശ്യകത എന്നുള്ളത് സുവിശേഷം അറിയിക്കുന്നതോടൊപ്പം തന്നെ സത്യ ഉപദേശം പഠിപ്പിച്ചു കൊടുക്കണം എന്നുള്ളതാണ്. ടീമിൽ സ്ഥിരമായി താമസിച്ചു പ്രവർത്തിക്കുന്ന സഹോദരന്മാരോട് ചേർന്ന് തിരുവനന്തപുരം പ്രദേശത്തെ സഹോദരന്മാർ വളരെ ഉത്സാഹത്തോടെ ഈ കാര്യത്തിൽ പ്രവർത്തിച്ചുവരുന്നു. കർത്താവ് ഫലം തരേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം.

# സി. എസ്. എഫ്. ക്യാമ്പ് ആലുവ

**ആലുവ:** ക്രിസ്ത്യൻ സിസ്റ്റേഴ്സ് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ 2025 ഏപ്രിൽ 22 ചൊവ്വാഴ്ച മുതൽ 26 ശനി വരെ ആലുവ വൈ. എം. സി. എ. ക്യമ്പ് സൈറ്റിൽ വെച്ച് 22 ചൊവ്വ വൈകുന്നേരം 6 മണി മുതൽ 26 ശനി ഉച്ചയ്ക്ക് 2 മണി വരെ ക്യാമ്പ് നടത്തപ്പെടും. ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ്, കോട്ടയം, ബ്രദർ വർഗ്ഗീസ് ജോൺ, തിരുവനന്തപുരം എന്നിവരാണ് ശുശ്രൂഷകൾ നിർവ്വഹിക്കുന്നത്. ആത്മീയ ഉണർവ് നൽകുന്ന ബൈബിൾ ക്ലാസ്സുകൾ, ധ്യാനങ്ങൾ, വിജ്ഞാനപ്രദമായ ബൈബിൾ സ്റ്റഡി സർക്കിൾ, പാട്ട്, ബൈബിൾ ക്വിസ്(യെശയാവ് 31-66 തീത്തോസ്), വേദപരിചയം- മത്സരങ്ങൾ, ടാലന്റ് ടൈം എന്നിവയുണ്ടാകും. ക്യാമ്പിൽ താമസ സൗകര്യവും ഭക്ഷണവും ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ഫീസ് 500 രൂപയാണ്. വർഷത്തിലൊരിക്കൽ നടക്കുന്ന ഈ ക്യാമ്പിലേക്ക് 14 വയസ്സ് പ്രായം മുതൽ എല്ലാ സഹോദരിമാരേയും കർത്തൃനാമത്തിൽ പങ്കെടുക്കാവുന്നതാണ്. സി. എസ്. എഫ് ക്യാമ്പിന്റെ ഏപ്രിൽ മാസത്തെ മാസയോഗം ക്യാമ്പിൽ വെച്ച് ശനിയാഴ്ച രാവിലെ 10 മണി മുതൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സഹോദരിമാർ തക്കസമയത്ത് വന്നുചേരുക.

# വൈ. എം. ഇ. എഫ് കോട്ടയം

**കോട്ടയം:** വൈ. എം. ഇ. എഫ് കോട്ടയം സെന്റർ 2025 മാർച്ച് 16 ഞായറാഴ്ച്ച 3.30 മുതൽ കാനം ബ്രദറൺ ചർച്ചിൽ വെച്ച് പ്രതിമാസയോഗം നടത്തപ്പെട്ടു. ബ്രദർ ടോബി സ്ക്കറിയ മുഖ്യ സന്ദേശം നൽകുകയും ചെയ്തു.

# ബഥനി ബൈബിൾ സ്കൂൾ ജൂൺ 2 ന് ക്ലാസുകൾ ആരംഭിക്കും.


**കുമ്പനാട്:** ബഥനി ബൈബിൾ സ്കൂൾ 75-ാ മതു ബാച്ചിന്റെ ക്ലാസുകൾ ജൂൺ 2 ന് ആരംഭിക്കും. മലയാളം മീഡിയത്തിൽ ഒരു വർഷത്തേക്കുള്ള കോഴ്സാനിത്. ഇവിടെ സൗജന്യ താമസവും ഭക്ഷണവും പഠനവും ലഭിക്കുന്നതാണ്. ആത്മീകരും പ്രാപ്തരുമായ അദ്ധ്യാപകർ, ഉച്ച വരെ ക്ലാസുകളും പിന്നീട് പരസ്യപ്രവർത്തനങ്ങളും ഉണ്ടായിരിക്കും. കുമ്പനാട്ടും പരിസരങ്ങളിലുമുള്ള സഭകളിൽ ശുശ്രൂഷകൾക്കും അവസരം ഉണ്ടായിരിക്കുന്നതാണ്. അടിസ്ഥാന ഉപദേശങ്ങൾ, ബൈബിളിലെ പ്രധാന പുസ്തകങ്ങൾ, പ്രസംഗ പരിശീലനം, വ്യാഖ്യാനശാസ്ത്രം, കൗൺസലിംഗ് തുടങ്ങി 40 ലധികം വിഷയങ്ങൾ പഠിപ്പിക്കുകയും ചെയ്യും.

# സുവിശേഷ മഹായോഗം മാവേലിക്കര

**മാവേലിക്കര:** മാവേലിക്കര ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന 2025 ഏപ്രിൽ 2 ബുധൻ മുതൽ 4 വെള്ളി വരെ മാവേലിക്കര ഈരേഴ വടക്ക് പുന്തിലേത്ത് സഹോദരൻ ശാമുവേൽ ജോർജിന്റെ ഭവനയാങ്കണത്തിൽ വച്ച് വൈകിട്ട് 6.30 മുതൽ 8.30 വരെ സുവിശേഷ മഹായോഗം നടത്തപ്പെടും. ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ് കോട്ടയം, ബ്രദർ സജീവ് വർഗീസ് പുതുപ്പള്ളി, ബ്രദർ ജോബി ജെയിംസ് പമ്പാവാലി എന്നിവരാണ് വചനശുശ്രൂഷ നിർവ്വഹിക്കുന്നത്. സ്പിരിചൽ സിംങ്ങേഴ്സ് റാന്നി ഗാനശുശ്രൂഷ നിർവ്വഹിക്കും.

# സുവിശേഷ ക്യാമ്പും ബൈബിൾ ക്വിസ്സും

**പത്തനംതിട്ട:** ഈ വർഷത്തെ എസ്. ബി. എസ്. സെന്റർ ക്യാമ്പ് ദൈവഹിതമായാൽ ഏപ്രിൽ 16 മുതൽ വരെയുള്ള പൊതു അവധി ദിവസങ്ങളിൽ പത്തനംതിട്ട സുവിശേഷാലയത്തിൽ വെച്ച് നടത്തപ്പെടും. 3 വയസ്സ് മുതൽ ഏതു പ്രായക്കാർക്കും ക്യാമ്പിൽ പങ്കെടുക്കാം. ക്യാമ്പിൽ പ്രധാന പൊതുസമ്മേളനങ്ങളും ക്രമീകരിച്ചിട്ടുണ്ട്. പ്രവചന സമ്മേളനം ഏപ്രിൽ 17 വ്യാഴം മുതൽ 18 വെള്ളി ദിവസങ്ങളിൽ വൈകിട്ട് 6 മണി മുതൽ 8 മണി വരെയാണ്. സുവി. ജോൺ പി തോമസ്സാണ് പ്രസംഗകൻ. ഫാമിലി കോൺഫറൻസ് ഏപ്രിൽ 18 വെള്ളി രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയാണ്. ഏപ്രിൽ 19 ശനി രാവിലെ 8 മണിക്ക് സുവിശേഷ റാലി ഉണ്ടായിരിക്കും. ക്യാമ്പിന്റെ മൂന്നാമത്തെ ദിവസമായ ഏപ്രിൽ 18 വെള്ളി 4 മണിക്ക് പത്തനംതിട്ട സുവിശേഷാലയത്തിൽ വെച്ച് ബൈബിൾ ക്വിസ് നടത്തപ്പെടും. 18 വയസ്സു മുതൽ പ്രായമുള്ളവർക്ക് ബൈബിൾ ക്വിസ്സിൽ പങ്കെടുക്കാം.പത്തനംതിട്ട സെന്ററിൽ ഉള്ളവർക്ക് മാത്രം ക്വിസ്സിൽ പങ്കെടുക്കാം. അപ്പോസ്തോലന്മാരുടെ പ്രവർത്തികൾ എന്നതാണ് ബൈബിൾ ക്വിസിന്റെ ഭാഗം. വിജയികൾക്ക് പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടായിരിക്കും. ഒന്നാം സമ്മാനം 5000 രൂപയും, രണ്ടാം സമ്മാനം 3000 രൂപയും, മൂന്നാം സമ്മാനം 2000 രൂപയുമാണ്. ദൈവജനത്തെ ദൈവവചന പഠനത്തിന് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ക്രമീകരിച്ചിരിക്കുന്ന ഈ പ്രത്യേക ബൈബിൾ ക്വിസ്സിൽ എല്ലാവരും പങ്കെടുക്കണമെന്ന് അപേക്ഷിക്കുന്നു.മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം ക്വിസ്സിൽ പ്രവേശനം ഉള്ളു. താഴേ കാണുന്ന വാട്സ്അപ്പ് നമ്പറിൽ രജിസ്ട്രർ ചേയ്യുക. പ്രസ്തുത ശുശ്രൂഷകളുടെ അനുഗ്രഹത്തിനായി പ്രത്യേകം പ്രാർത്ഥിക്കുകയും എല്ലാവരും പങ്കുചേരണമെന്ന് അപേക്ഷിക്കുന്നു. Contact: 9447363863 Evg. Aby K George




Printed & Published by SAM.C.VADAVANA and Owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagom.P.O., Thiruvalla , District Pathanamthitta, Kerala and published at Thottabhagom, Thiruvalla, Yesvinte Jeevavachanam,Thottabhagom P.O.,Thiruvalla-689541, District-Pathanamthitta, Kerala.
Editor: DR..CHACKO VARGHESE VADAVANA.